പുസ്തകം ൧൩. ലക്കം ൮.

# കർമ്മലകുസുമം

# The Flower of Carmel



പ്രതിമാസ പത്രിക.

August 1918.

## സംഗതിവിവരം.

1. മറിയത്തിന്റെ സ്വർഗ്ഗപ്രാപ്തി.
2. പത്തുപ്രമാണങ്ങൾ.
3. വി. യൌസേപ്പു പിതാവ്.
4. വി. ബെർത്തലൊമ്മെയുടെ അന്ന എന്ന ധന്യയുടെ ജീവചരിത്രം.
5. കുടുംബപ്രതിഷ്ഠ.
6. വേദപ്രചാരണം.
7. ഭക്തജീവിതപ്രവേശനം.
8. തിരുഹൃദയഭക്തന്മാർ ൧൦൮൧ ചിങ്ങമാസത്തിൽ ചെയ്യേണ്ട പൊതുനിയോഗം.
9. ലോകവർത്തമാനച്ചുരുക്കം.

# നോട്ടീസ്

ആണ്ടൊന്നുക്കു തപാൽകൂലി ഉൾപ്പെടെ ബ്രി. രൂപാ ൧.

ഏതൊരുത്തൻ അഞ്ചുപേരെ പത്രവരിക്കാരായി ചേർത്തു പേരുകളും സ്വന്ത മേൽവിലാസത്തിൽ പത്രങ്ങളെല്ലാം ഏറ്റു വാങ്ങിച്ചുകൊടുക്കയും പത്രവരി പിരിച്ചു ഒന്നാകെ അടയ്ക്കുകയും ചെയ്യുന്നതായാൽ അയാൾക്ക് ആറാമത്തെ ഒരു പത്രം സൌജന്യമായി കൊടുക്കപ്പെടും.

"കർമ്മെലകുസുമം" മാനേജർ,

Mannanam. മാന്നാനം.

മാസികയുടെ വരിക്കാരായി ചേരുവാൻ ആഗ്രഹിക്കുന്നവർ മുൻകൂർ പണമയച്ച് അപേക്ഷിക്കയൊ അല്ലെങ്കിൽ മാസിക വി. പി. ആയി അയക്കുവാൻ പ്രത്യേകം ആവശ്യപ്പെടുകയൊ ചെയ്യണം. പണമടയ്ക്കാതെ മാസികയ്ക്കു ആവശ്യപ്പെടുന്നവർക്കെല്ലാം സാധാരണ വി. പി. ആയി മാത്രമെ അയക്കയുള്ളു. മാസിക വരി അടച്ചിട്ടുള്ളതിന്റെ കാലാവധി കഴിഞ്ഞാൽ പിന്നെയുള്ള മാസികയും മുറയ്ക്കു ഇവിടെനിന്നും വി. പി. ആയി അയക്കപ്പെടും. മേൽപറഞ്ഞ രണ്ടു സംഗതികളിലും വി. പി. അയക്കുന്നതിൽ വിരോധമുള്ളവർ വിവരം മുൻകൂട്ടി അറിയിച്ചിരിക്കേണ്ടതാകുന്നു.

മാനേജർ.

# കർമ്മലകുസുമം

പുസ്തകം ൧൩) ൧൯൧൮ ആഗസ്റ്റ് (ലക്കം ൮.


## മറിയത്തിന്റെ സ്വർഗ്ഗപ്രാപ്തി.

നമ്മുടെ അമ്മയായ പരിശുദ്ധ മറിയത്തിന്റെ തിരുനാളുകൾ ആഘോഷിക്കാത്ത ഒരു മാസംപോലും ഉണ്ടെന്നു തോന്നുന്നില്ല. ഈ മാസം ൧൫-ാംനു-യാണല്ലോ അവിടുത്തെ സ്വർഗ്ഗാരോഹണത്തിരുനാൾ ഘോഷിക്കുന്നതു്. ഏതൽസംബന്ധമായി നി. വ. ദിവ്യശ്രീ കുര്യാളശ്ശേരിൽ മാർതോമ്മാ മെത്രാനച്ചൻ തിരുമനസ്സുകൊണ്ടു പ്രസിദ്ധീകരിച്ചിട്ടുള്ള ഒരു ഇടയലേഖനം ഇവിടെ ഉദ്ധരിച്ചുകൊള്ളുന്നു.

"മറിയം അവളിൽനിന്നു് എടുക്കപ്പെടാത്തതായ ഉത്തമഭാഗം തെരഞ്ഞെടുത്തു." (ലൂക്കാ, ൧൦-൪൨.)

"മറിയത്തിന്റെ തിരുനാളുകളിൽ ഏററവും പ്രാധാന്യമേറിയ ഒന്നായ അവിടുത്തെ സ്വർഗ്ഗസ്വീകരണത്തിരുനാൾ സമീപിച്ചുവരുന്നു. ഇതു് അവിടുത്തെ വിശുദ്ധ ദേഹവിയോഗം, ഉയിപ്പ്, കിരീടധാരണം എന്ന മൂന്നു വലിയ സംഭവങ്ങളുടെ ഓർമ്മ കൊണ്ടാടപ്പെടുന്ന ഒരു വലിയ തിരുനാളാകുന്നു. നിങ്ങൾ ഈ തിരുനാളിനെ ഏററം ഭക്തിപൂർവ്വമായി കൊണ്ടാടുവാൻവേണ്ടി ഇതു് നമ്മെ ഓർപ്പിക്കുന്നു പ്രസ്തുത മൂന്നു സംഭവങ്ങളെ സംബന്ധിച്ചു് നാം നിങ്ങളോടു് ഒരു ചെറിയ ഉപദേശം ചെയ്വാൻ പോകുന്നു.

### ൧. മറിയത്തിന്റെ വിശുദ്ധ ദേഹവിയോഗം.

ഒരേക മനുഷ്യന്റെ പാപംമൂലം മരണം ലോകത്തിൽ പ്രവേശിച്ചു. അതായതു് ആദത്തിന്റെ പാപം കാരണത്താൽ മനുഷ്യജാതി ഒക്കെയും മരണകടത്തിൽ ഉൾപ്പെട്ടു എന്നു് വിശുദ്ധ പൌലോസ് പറയുന്നു. എന്നാൽ മറിയം ജന്മപാപത്താലാകട്ടെ, കർമ്മപാപത്താലാകട്ടെ അശേഷം മലിനീകൃതയല്ലായെന്നതു് സംശയിച്ചുകൂടാത്ത വേദസത്യമാണു്. അതുകൊണ്ടു് മറിയത്തിനു് പാപത്തിന്റെ ശിക്ഷയായി മരണം കൈക്കൊള്ളേണ്ട ആവശ്യമുണ്ടായിരുന്നില്ല. എങ്കിലും ഈശോമ്ശിഹാ ഏതു കാരണത്താൽ മരണം സ്വീകരിച്ചുവോ, ആ കാരണത്താൽ തന്നെ മറിയവും മരണം കൈക്കൊണ്ടു. എങ്ങിനെയെന്നാൽ മനുഷ്യജാതിയുടെ നാശത്തിൽ ആദത്തോടുകൂടെ ഹവ്വായും പങ്കുകാരിയായിരുന്നതുപോലെ, അവരുടെ വീണ്ടെടുപ്പിൽ ഈശോമ്ശിഹായോടുകൂടെ മറിയവും സംബന്ധിക്കേണ്ടതായിരുന്നു. ഇതിനാൽ ഭൂലോകദോഷത്തെ വഹിച്ച ചെമ്മരിയാട്ടിൻകുട്ടിയായ ഈശോമ്ശിഹായെപ്പോലെ, മറിയവും മരണത്തെ സ്വീകരിച്ചതു് ഏററവും ഉചിതംതന്നെ.

കൂടാതെയും നമ്മുടെ മാതൃകക്കായിട്ടുകൂടെയും മറിയം മരിച്ചു. എങ്ങനെയെന്നാൽ, രോഗമില്ലാത്ത തള്ളമാർ ഔഷധം സേവിക്കുന്നതിൽ കുട്ടികളെ ഉത്സാഹിപ്പിപ്പാൻവേണ്ടി തങ്ങൾതന്നെ ഔഷ

ധം സേവിച്ചുകാണിക്കുന്നതുപോലെ, സാക്ഷാൽ പാപികളും മരണാൎഹന്മാരുമായ നാം മരണത്തെ നമ്മുടെ പാപത്തിന് യോഗ്യശിക്ഷയായും ദൈവതിരുമനസ്സിനു കീഴ്വഴങ്ങിക്കൊണ്ടും സസന്തോഷം കൈക്കൊള്ളുവാൻ വേണ്ടി മറിയം നമുക്ക് ഉത്തമമാതൃക തന്നെ. വിശിഷ്യ, മറിയം ദൈവസ്നേഹത്തിൻെറ ശക്തിയാൽ കൂടെയും മരിച്ചു. എങ്ങനെയെന്നാൽ അഴിയപ്പെടുവാനും, മ്ശിഹായോടു കൂടെ ആകുവാനും ആഗ്രഹിച്ചുകൊണ്ട് വിശുദ്ധ പൌലോസ് ദൈവസ്നേഹത്താൽ മരിപ്പാൻ ഇത്ര അധികമായി എരിഞ്ഞിരുന്നുവെങ്കിൽ മറിയം എത്ര ഏററം അധികമായ സ്നേഹത്താൽ മരിപ്പാനും തൻെറ ദിവ്യപുത്രനോടു കൂടിയിരിപ്പാനും ആഗ്രഹിച്ചിരിക്കണം എന്ന് നിങ്ങൾ ചിന്തിപ്പിൻ.

ഇങ്ങനെ മറിയം മരണത്തെ സന്തോഷത്തോടും വലിയ ആശയോടും കൂടെ ആഗ്രഹിച്ചു. നാമാകട്ടെ മരണം എന്ന ശബ്ദത്തെത്തന്നെയും എത്രയോ ഭയപ്പെടുന്നു. ഇതിൻെറ കാരണം, ലോകവസ്തുക്കളുടെനേരെയുള്ള നമ്മുടെ അതിയായ സ്നേഹവും, നമ്മുടെ കഴിഞ്ഞ പാപങ്ങളുടെ ഓൎമ്മയും ദൈവസ്നേഹത്തിലുള്ള നമ്മുടെ മാന്ദ്യവും തന്നെ. ആകയാൽ നാം അവശ്യം അനുഭവിക്കേണ്ട മരണത്തോടുള്ള ഭയം നമ്മിൽ കുറയണമെങ്കിൽ നമ്മുടെ ഹൃദയങ്ങളിൽനിന്ന് അതിരുകവിഞ്ഞ ലോകസ്നേഹത്തെ നീക്കുകയും നമ്മുടെ പാപങ്ങളെ ഓൎത്തു അനുതപിച്ചു പ്രായശ്ചിത്തമെടുക്കുകയും, മേലാൽ ഒരു നല്ല ജീവിതം കഴിപ്പാൻ പ്രതിജ്ഞ ചെയ്തുകൊണ്ട് ദൈവസ്നേഹത്തിൽ വൎദ്ധിച്ചുവരുവാൻ താല്പൎയ്യപ്പെടുകയും വേണം. വിശേഷിച്ചും നല്ല മരണത്തിന് സഹായങ്ങളായി തിരുസഭ നമുക്കു കാണിച്ചുതരുന്ന ദാനധൎമ്മങ്ങൾ, ജപം, തപസ്സ് എന്ന പ്രധാന പുണ്യങ്ങളെ അഭ്യസിച്ചുകൊണ്ട്, വിശുദ്ധ മറിയമേ, ദൈവമാതാവേ! പാപികളായ ഞങ്ങൾക്കു വേണ്ടി ഇപ്പോഴും ഞങ്ങളുടെ മരണനേരത്തും ദൈവത്തോടു പ്രാൎത്ഥിക്കേണമേ എന്ന് ഭക്തിപൂൎവ്വം ചൊല്ലിക്കൊണ്ടു നിങ്ങൾ നല്ലമരണത്തിനായി ദൈവമാതാവിൻെറ ശക്തിയേറിയ മദ്ധ്യസ്ഥത മൂലം അപേക്ഷിപ്പിൻ.

### ൨. ദൈവമാതാവിൻെറ ശരീരോത്ഥാനം.

മറിയത്തിൻെറ വിശുദ്ധ ശരീരം ദീൎഘമായി കല്ലറയിൽ കിടപ്പാൻ ദൈവം അനുവദിച്ചില്ല. എന്തെന്നാൽ "നീ മണ്ണാകുന്നു, നീ മണ്ണിലേക്കു പിന്തിരികയും ചെയ്യും" എന്ന പാപശിക്ഷാവിധി അമലോത്ഭവയായ മറിയത്തിൻെറ ശരീരത്തെ സംബന്ധിക്കുന്നതല്ല. ആകയാൽ അവിടുത്തെ പുത്രൻെറ വിശുദ്ധ ശരീരത്തേപ്പോലെ ഈ ശരീരവും അഴിവിന് അധീനമാകാതെ മൂന്നാംനാൾ കല്ലറയിൽനിന്ന് ഉത്ഥാനം ചെയ്തു എന്നത് വിശുദ്ധ പിതാക്കന്മാരുടെ ഏകകണ്ഠമായ ഉപദേശമാകുന്നു. കൂടാതെയും പുത്രനായ ദൈവം എവിടെനിന്നു തനിക്കു ഒരു നിൎമ്മല ശരീരത്തെ എടുത്തുവോ ആ അമലോത്ഭവയായ മറിയത്തിൻെറ തിരുശ്ശരീരവും മ്ശിഹായുടെ ശരീരത്തോട് മാംസോത്ഥാനത്തിലും സ്വൎഗ്ഗാരോഹണത്തിലും തുല്യപ്പെടേണ്ടതു് ഏററം വിഹിതമായിട്ടുള്ളതായിരുന്നു. ഇതിനാൽ വേദപാരഗന്മാർ ദാവീദിൻെറ താഴെപ്പറയുന്ന ദീൎഘദൎശനവാക്യം ദൈവമാതാവിനേക്കൂടെ സംബന്ധിക്കുന്നതായി ഐകകണ്ഠ്യേന അഭിപ്രായപ്പെടുന്നു. അതായത്: "കൎത്താവേ! നീയും, നീ വിശുദ്ധീകരിച്ചിട്ടുള്ള ആ പെട്ടകവും നിൻെറ വിശ്രമസ്ഥലത്തേക്ക് എഴുന്നെള്ളുക." (സങ്കീൎത്തനം ൧൩൧. ൮). ഇതിൻെറ അൎത്ഥം, കൎത്താവേ! മനുഷ്യരക്ഷയുടെ വേല പൂൎത്തിയായിരിക്കയാൽ ഇനി നീ വേഗത്തിൽ സ്വൎഗ്ഗത്തിലേക്ക് എഴുന്നെള്ളുക; കൂടാതെയും നീ ഒൻപതുമാസം അവളുടെ ഉദരത്തിൽ വസിച്ചുകൊണ്ട് വിശുദ്ധീകരിച്ച നിൻെറ അമ്മയായ ആ ജീവനുള്ള ഉഭയസമ്മതപ്പെട്ടകത്തേയും സ്വൎഗ്ഗത്തിലേക്കു കൊണ്ടുപോവുക എന്നാകുന്നു.

നമ്മുടെ കൎത്താവിൻെറ മരണാവസരത്തിൽ കല്ലറകൾ തുറക്കപ്പെട്ടതായും അവിടെ കിടന്നിരുന്ന മരിച്ചവരുടെ ഏറിയ ശരീരങ്ങൾ ഉത്ഥാനം ചെയ്തതായും, അവർ വിശുദ്ധ നഗരത്തിൽ പലൎക്കു പ്രത്യക്ഷപ്പെട്ടതായും, സുവിശേഷകനായ

വിശുദ്ധ മത്തായി പറഞ്ഞിരിക്കുന്നു. (മത്തായി. ൨൭. ൫൨). ഇപ്രകാരം മ്ശിഹാ തന്റെ ദാസന്മാരുടെ ശരീരങ്ങളെ ഇത്ര അധികം ബഹുമാനിച്ചുവെങ്കിൽ, തന്റെ അമ്മയായ അമലോത്ഭവ കന്യക മറിയത്തിന്റെ ശരീരത്തെ എത്ര അധികമായി ബഹുമാനിച്ചിരിക്കണം എന്നു നിങ്ങൾ തന്നെ അനുമാനിച്ചുകൊള്ളുവിൻ.

എന്നാൽ നാമും മറിയത്തെപ്പോലെ നമ്മുടെ ശരീരത്തെ ദൈവശുശ്രൂഷയ്ക്കായി പ്രതിഷ്ഠിച്ചുകൊണ്ട് നോമ്പാലും തപസ്സാലും അതിനെ പുണ്യപ്പെടുത്തുമെങ്കിൽ, നമ്മുടെ ശീരരവും മറിയത്തിന്റെ ശരീരത്തിനു ലഭിച്ച വിശേഷ വരങ്ങളായ ദീപ്തി, അക്ഷയം, ലഘുത്വം ആദിയായവയോടുകൂടി ഒരിക്കൽ ഉയിർക്കുമെന്നു നിങ്ങൾ ഉറപ്പായി വിശ്വസിപ്പിൻ.

൩. മറിയം ത്രിലോകരാജ്ഞിയായി മുടി ധരിപ്പിക്കപ്പെട്ടു.

മഹത്വമേറിയ കന്യകമറിയം രാജാക്കളുടെ രാജാവിന്റെ അമ്മയെന്നുള്ള ഉന്നതസ്ഥാനത്തിലേക്ക് എപ്പോൾ ഉയർത്തപ്പെട്ടുവോ അപ്പോൾത്തന്നെ അവിടുന്നു മഹാരാജ്ഞിയെന്നുള്ള സ്ഥാനത്തിലേക്കും ഉയർത്തപ്പെട്ടു. ഇതിനാൽ തിരുസഭ മറിയത്തെ എപ്പോഴും എല്ലാക്കാലത്തും രാജ്ഞിയെന്നുള്ള മഹിമയേറിയ നാമധേയത്താൽ ബഹുമാനിക്കുകയും അവിടുന്ന് ഇങ്ങനെ എല്ലാവരാലും ബഹുമാനിക്കപ്പെടുവാൻ ആഗ്രഹിക്കുകയും ചെയ്യുന്നു. വിശുദ്ധ അത്തനാസിയോസ് പറയുന്നതായത്: പുത്രൻ രാജാവാകുന്നുവെങ്കിൽ അവനെ ജനിപ്പിച്ച അമ്മ ന്യായമായും സത്യമായും രാജ്ഞിയും നാഥയുമായി വിചാരിക്കപ്പെടുന്നു. മറിയത്തിന്റെ ശരീരം യഥാർത്ഥത്തിൽ ഈശോയുടേതിൽ നിന്നു വ്യത്യസ്തമല്ലാതിരിക്കയിൽ, പുത്രന്റെ രാജമഹിമ അമ്മയ്ക്കും കൊടുക്കപ്പെടാതിരിക്കുന്നതെങ്ങിനെ?

ഇപ്രകാരമിരിക്കെ, മറിയം നവവൃന്ദ മാലാഖാമാരുടെയും സകല പരിശുദ്ധന്മാരുടെയും മുമ്പാകെ ത്രിലോകരാജ്ഞിയായി വാഴിക്കപ്പെട്ട് അവിടുത്തെ പുത്രന്റെ വലത്തുഭാഗത്തു ഇരുത്തപ്പെട്ടിരിക്കുന്ന ഇന്നേദിവസത്തിൽ, അവിടുത്തെ മക്കളായ നാം എത്രയോ അധികമായി സന്തോഷിക്കണം. നാം ഇന്ന് മാർ അപ്രേമിനോടുകൂടെ ഇപ്രകാരം മറിയത്തിനോടു പ്രാർത്ഥിക്കു: ഹാ! കന്യകേ! നിന്നിൽ അല്ലാതെ ഞങ്ങൾക്കു മററാശ്രയമില്ല, "ഇതാ നിന്റെ അമ്മ" എന്ന് ഈശോ കുരിശിൽനിന്ന് ഒരിക്കൽ ഞങ്ങളോടു പറഞ്ഞു. ഈ വാക്കുകളെത്തന്നെ നിന്റെ സ്വർഗ്ഗസ്വീകരണത്തിരുനാളായ ഇന്നേദിവസം ഞങ്ങളോട് ആവർത്തിച്ചുപറയുകയും ചെയ്യുന്നു. ആകയാൽ വിശുദ്ധ മറിയമേ! നിർഭാഗ്യരെ സഹായിക്കണമെ, വിശ്വാസക്ഷീണമുള്ളവരെ ശക്തിപ്പെടുത്തണമെ, കരയുന്നവരെ ആശ്വസിപ്പിക്കണമെ, നിന്റെ ദുഃഖിതരായ ജനങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കണമെ, ഹാ! ദയയും വാത്സല്യവും മാധുര്യവും നിറഞ്ഞ കന്യകമറിയമെ, ഇങ്ങനെ എല്ലാവരും നിന്റെ അനുഗ്രഹത്തെ അനുഭവിക്കുമാറാകട്ടെ എന്ന് നാം അവരോടു നിലവിളിച്ച് അപേക്ഷിക്കു.

അവസാനമായി വന്ദ്യ സഹോദരന്മാരെ, സ്നേഹിക്കപ്പെട്ട മക്കളെ! മറിയം കണ്ണുനീരുകളുടെ താഴ്‌വരയായ ഭൂമിയെ വിട്ടു തന്റെ ദിവ്യപുത്രനെ അഭിമുഖമായി ദർശിച്ച് അവിടുത്തെ അമൃതവചനങ്ങളെ നിത്യമായി കേട്ടാനന്ദിക്കത്തക്കവണ്ണം ഇതാ ത്രിലോകരാജ്ഞിയായി അവിടുത്തെ വലത്തുഭാഗത്ത് എഴുന്നള്ളിയിരിക്കുന്നു. അതേ, മറിയം ഉത്തമഭാഗത്തെ തെരിഞ്ഞെടുത്തു. അതു അവളിൽ നിന്നു എടുക്കപ്പെടുകയില്ല. മറിയം ദുഃഖസങ്കടങ്ങൾകൊണ്ട് ഭൂമിയിൽ തന്റെ പുത്രനോട് എത്ര അടുത്തിരുന്നുവോ, അത്രയും അവിടുന്ന് സ്വർഗ്ഗത്തിൽ തന്റെ പുത്രനോട് ഭാഗ്യത്തിലും അടുത്തിരിക്കുന്നു. ആകയാൽ നാം സ്വർഗ്ഗത്തിൽ മറിയത്തോടു ഭാഗ്യത്തിൽ അടുത്തിരിക്കണമെങ്കിൽ ഭൂമിയിൽ അത്രയും ഈ നാഥയോടു പീഡാനുഭവത്തിലും അടുത്തിരിക്കണം എന്ന തത്വം നാം ഒരിക്കലും വിസ്മരിക്കരുത്. തിരുസഭയുടെ തൽക്കാല കഷ്ടതകൾ ഇതിനു ദൃഷ്ടാന്തമാകുന്നു. ഈ കഷ്ടതകളുടെ ശേഷം തിരുസഭയ്ക്കു ജയസന്തോഷത്തിന്റെ കാലവും സമീപിച്ചിരിക്കുന്നു. ആ ഭാഗ്യകാലം യുദ്ധം അവസാനിച്ച് വേഗം വരുവാനും,

ഇപ്രകാരം തന്നെ മറിയത്തിൻെറ അവസാന മഹിമയായ അവിടുത്തെ ആത്മശരീരോത്ഥാനം എന്ന സത്യം താമസിയാതെ വേദസത്യമായി നിർണ്ണയിക്കപ്പെടുവാനും വേണ്ടി അവിടുത്തെ സ്വർഗ്ഗാരോഹണത്തിരുനാളിൽ എല്ലാവരും തൻെറ പ്രിയപുത്രനോട് ഉത്സാഹപൂർവ്വം പ്രാർത്ഥിക്കണമെന്നു നാം നിങ്ങളെ ഓർമ്മിപ്പിച്ചുകൊണ്ടു് ഈ ഉപദേശത്തെ അവസാനിപ്പിക്കുന്നു."

## പത്തുപ്രമാണങ്ങൾ.

(൧൩൩-ാം പു. ൧൦൭-ാം പക്ഷം തുടർച്ച)

ദൈവത്തെ മാത്രം സ്നേഹിക്കണം. നമ്മുടെ ആരാധനക്കും സൃഷ്ടമായ സമസ്ത വസ്തുക്കളേക്കാൾ അധികമായി നമ്മാൽ സ്നേഹിക്കപ്പെടുന്നതിനും അർഹതയുള്ളയാൾ ദൈവം മാത്രമാകുന്നു എന്നു മുകളിൽ പ്രസ്താവിച്ചതുകളിൽ നിന്നു വ്യക്തമാകുന്നു. ഇതിനു വിരോധമായി വാദിക്കുന്നതു് വിഗ്രഹാരാധനയേയും നിരീശത്വത്തേയും ആദരിക്കുകതന്നെയാണ്. ദൈവത്തെ പരിപൂർണ്ണമായി ആരാധിക്കുന്നതിനും സ്നേഹിക്കുന്നതിനുമുള്ള പുണ്യങ്ങളും പ്രവൃത്തികളും ഏവയെന്നു നാം കണ്ടിരിക്കയാൽ, ഏററം പരിശുദ്ധമായ ഈ കടമകൾ വിരോധമായ പാപങ്ങളെക്കുറിച്ചു ഇവിടെ പ്രസ്താവിക്കാം. വിശ്വാസത്തിനും ശരണത്തിനും ഉപവിക്കും വിരോധമായ പാപങ്ങളെല്ലാം ഒന്നാമത്തെ പ്രമാണത്തിന് വിരോധമാകുന്നു.

വിശ്വാസത്തിനു വിപരീതമായ പാപങ്ങൾ താഴെ പറയുന്നവയാണ്. ൧) അവിശ്വാസം (Infidelity): ഇതു വേദത്തിൽ വിശ്വസിക്കാതിരിക്കുന്ന അജ്ഞാനികളുടെയും യൂദന്മാരുടെയും പാപമാകുന്നു. ൨) മതത്യാഗം (Apostasy) അഥവാ ബാഹ്യമായ വേദനിഷേധം: ഇതു വേദത്തെ പരസ്യമായി നിഷേധിക്കയൊ ക്രിസ്ത്യാനികളല്ലെന്നുള്ള ഭാവത്തിൽ വർത്തിക്കയൊ ചെയ്യുന്നതിൽ അടങ്ങിയിരിക്കുന്നു. ൩) ഇടത്തൂട് (Heresy): ബാഹ്യദർശനത്തിൽ നല്ലതെന്നു തോന്നിക്കുന്ന കാരണങ്ങളേപ്പററി വിശ്വാസത്തിൻെറ ചില സത്യങ്ങളെ വിശ്വസിക്കുന്നതിൽ നിർബന്ധപൂർവ്വം വിസമ്മതിക്കുന്നതിലാകുന്നു ഈ പാപം അടങ്ങിയിരിക്കുന്നതു്. ൪) സംശയം (Doubt): ദൈവം വെളിപ്പെടുത്തിയതും തിരുസഭ പഠിപ്പിക്കുന്നതുമായ ഏതെങ്കിലും വിശ്വാസസത്യത്തേപ്പററി മനഃപൂർവ്വമായും ആലോചനയോടുകൂടിയും സന്ദേഹിക്കുന്ന പാപമാകുന്നു സംശയം. ൫) അജ്ഞത്വം (Ignorance): അറിയുവാൻ കടമയുള്ള വേദസത്യങ്ങളെ ഉപേക്ഷമൂലം അറിയാതിരിക്കുന്നവർക്കു വന്നുകൂടുന്ന പാപമാണിതു്.

ശരണത്തിനു വിരോധമായി രണ്ടു പ്രകാരത്തിൽ പാപമുണ്ടാകുന്നു. ആധിക്യം ഹേതുവായിട്ടു അതിശരണം (Presumption) കൊണ്ടും കുറവുഹേതുവായിട്ടു നിരാശ (Despair) കൊണ്ടും ഇങ്ങനെ രണ്ടുവിധത്തിൽ ശരണത്തിനു എതിരായ പാപങ്ങൾ സംഭവിക്കുന്നു.

സ്വന്ത പാപങ്ങളെ വെറുത്തുപേക്ഷിക്കാതെ അവയുടെ മോചനം പ്രാപിക്കാമെന്നും സ്വന്ത ദുരാശകളെ അമർത്താതെയും നിത്യസത്യങ്ങളേപ്പററി ഇടയ്ക്കിടെ ചിന്തിക്കാതെയും ക്രൂദാശകളെ യഥായോഗ്യം സ്വീകരിക്കുന്നതിന് തങ്ങളെത്തന്നെ ഒരുക്കാതെയും ധർമ്മജീവിതം നയിക്കാമെന്നും, നീതിമാന്മാരെപ്പോലെ ജീവിക്കാതെയും ദൈവത്തിൻെറ പ്രമാണങ്ങളെയും തിരുസഭയുടെ കല്പനകളെയും വിശ്വസ്തതയോടെ അനുസരിക്കാതെയും വിശുദ്ധന്മാരെപ്പോലെ മരിക്കാമെന്നും വൃഥാ കരുതുന്നവർ അതിശരണംമൂലം പിഴക്കുകയത്രെ ചെയ്യുന്നതു്. സ്ലേമോൻ പറഞ്ഞിരിക്കുന്ന വാക്യങ്ങളിന്മേൽ മനസ്സിരുത്തി ധ്യാനിക്കുന്നതു് അതിശരണത്തിനു ഒരു പ്രത്യേക സിദ്ധൌഷധമാണ്. അദ്ദേഹത്തിൻെറ വാക്കുകൾ "ദൈവത്തിൻെറ അനുഗ്രഹം വലുതാകുന്നു. എൻെറ പാപങ്ങളുടെ കൂട്ടം മുഴുവൻ അവിടുന്ന് ക്ഷമിക്കും എന്നു നീ പറയേണ്ട: എന്തെന്നാൽ അവിടെനിന്നു അനുഗ്രഹവും കോപവും വരുന്നു. അവിടത്തെ തൃക്കണ്ണുകൾ പാപിയുടെമേൽ പതിഞ്ഞിരിക്കയും ചെയ്യുന്നു" എന്നാ

കുന്നു. വിശുദ്ധന്മാരൊക്കയും നിത്യരക്ഷ പ്രാപിക്കേണ്ടതിനായി അത്യധികം പണിപ്പെട്ടിട്ടുണ്ടെന്നുള്ളതു നാം ഓൎക്കേണ്ടതാണ്. ശരിയായി യുദ്ധംചെയ്തിട്ടില്ലാത്ത യാതൊരുത്തനും മുടിധരിപ്പിക്കപ്പെടുകയില്ലെന്നു നമ്മുടെ രക്ഷിതാവ് അരുളിച്ചെയ്യുന്നു. നാം മഹത്വപ്പെടണമെങ്കിൽ നാം ഒരുവിധമെല്ലാം കുരിശിൽ തറയ്ക്കപ്പെട്ടേ മതിയാവൂ. സ്വൎഗ്ഗത്തിലേക്കുള്ളവഴി വിഷമതയുള്ളതും വാതിൽ ഇടുങ്ങിയതുമാകുന്നു. സ്വൎഗ്ഗരാജ്യത്തോടു ബലം പ്രയോഗിക്കപ്പെടുന്നു; അതു് ബലം ചെയ്തു കൈവശപ്പെടുത്തേണ്ടതുമാണ്.

ശരണത്തിനു വിരോധമായി കുറവു ഹേതുവായിട്ടു യാതൊരുത്തൻ പാപംചെയ്യുന്നതു് വേണ്ട സമയങ്ങളിൽ ഈ പുണ്യത്തിന്റെ "പ്രകരണങ്ങ"ളെ ചെയ്വാൻ ഉപേക്ഷ വരുത്തുമ്പോഴാണ്. സ്വന്ത പാപങ്ങൾ ക്ഷമിക്കപ്പെടുവാൻ വഹിയാത്തവണ്ണം അത്ര ഘനവും അത്ര അധികവുമാണെന്നു കരുതുകകൊണ്ടോ, ദുരാശകൾ ജയിപ്പാൻ പാടില്ലാത്തവണ്ണം അത്ര ശക്തിയേറിയതും ചീത്തയായ തഴക്കം നീക്കുവാൻ സാധിക്കാത്തവിധത്തിൽ അത്ര ഉറപ്പായി വേരൂന്നിയിരിക്കുന്നതുമെന്നു വിചാരിക്കകൊണ്ടോ, തങ്ങളുടെ കുററം കണ്ടുപിടിപ്പാൻ ദൈവം എപ്പോഴും നോക്കിയിരിക്കുന്നു എന്നു വിചാരിക്കുന്നതുപോലെ പ്രവൎത്തിക്കുന്ന സംശയക്കാരെപ്പോലെ പരിപൂൎണ്ണതക്കുറവുകളെപ്പററി ക്രമത്തിലധികമായി കലങ്ങുകയും മനസ്സമാധാനമില്ലാതെ തീരുകയും ചെയ്കകൊണ്ടോ, ദൈവപരിപാലനയിൽ വേണ്ടപോലെ വിശ്വാസമില്ലാതെ ഈലോകജീവിതത്തിൽ നേരിടുന്ന ഓരോ പോരായ്മകളെപ്പററി അധികമായി വ്യസനിക്കകൊണ്ടോ നിരാശപ്പെടുന്നവനും ശരണത്തിനു വിരോധമായി പാപംചെയ്യുന്നു. നിരാശാവസ്ഥ ഏററം ഭയങ്കരമായ ഒന്നാണ്. "പാപം ആത്മാവിൽ മരണത്തെ പ്രവേശിപ്പിക്കുന്നു; നിരാശയാവട്ടെ അതിന്റെ പുനരുത്ഥാനത്തിനു നീക്കാൻ കഴിയാത്ത ഒരു പ്രതിബന്ധത്തെ വെക്കുന്നു" എന്നു് വിശുദ്ധ ഇസിദോർ പറയുന്നു.

ആകാശത്തിലെ പക്ഷികളേയും ഏററം നിസ്സാരമായ ജന്തുക്കളേയും സംരക്ഷിക്കുന്ന ദൈവത്തിന്റെ അനന്തപരിപാലനത്തേയും യാതൊന്നുകൊണ്ടും തളൎന്നുപോകാത്തതും ഒരിക്കലും അവസാനം വരാത്തതുമായ അവിടുത്തെ കൃപയേയും നമ്മുടെ കൺമുമ്പിൽ വരുത്തുന്നതു് നിരാശക്കു മതിയായ പ്രത്യൗഷധമാണ്. മഹാ പാപികളായ പലരോടും അവിടുന്നു ക്ഷമിച്ച സംഗതിയും നാം ഓൎക്കേണ്ടതാണ്. അവിടുന്നു് മനസ്താപമുള്ള ഒരു ഹൃദയത്തെ ഒരിക്കലും നിരാകരിക്കുന്നില്ല. അവസാന സമയത്തിലെ മനസ്താപരാഹിത്യമല്ലാതെ ക്ഷമിക്കപ്പെടുവാൻ വഹിയാത്ത പാപമൊന്നുമില്ല. ദാവീദു, മറിയം മഗ്ദലേത്താ, വി. അഗുസ്തീനോസ് വി. പത്രോസ്, നല്ലകള്ളൻ എന്നിവരോടു് ദൈവം എത്ര ക്ഷണത്തിൽ ക്ഷമിച്ചുവെന്നു നോക്കുക. യൂദാസ്കറിയോത്താ തന്നെയും ക്ഷമായാചനം ചെയ്തിരുന്നെങ്കിൽ അവിടുന്നു് അവനോടും ക്ഷമിക്കുമായിരുന്നു. നഷ്ടമായിപ്പോയ ആടിന്റെയും ധൂൎത്തനായ കുമാരന്റെയും ഉപമകളും കൎത്താവിന്റെ പീഡാനുഭവ ചരിത്രവും വായിക്കുന്നതു് നമ്മിൽനിന്നു നിരാശയെ നീക്കുന്നതിനു് ഉപയുക്തമാകുന്നു. ദൈവം തന്റെ മക്കളെല്ലാവരും മനസ്സുതിരിഞ്ഞു രക്ഷപ്രാപിക്കണമെന്നു ആഗ്രഹിക്കുന്ന കരുണനിറഞ്ഞ പിതാവാകുന്നു എന്നു് നാം സദാ സ്മരിക്കണം. ഈശോമ്ശിഹാ നമ്മുടെമേലുള്ള സ്നേഹംനിമിത്തം നമ്മെപ്രതി മരണം അനുഭവിക്കയും നമ്മെക്കുറിച്ചുള്ള സ്നേഹാധിക്യംമൂലം തന്നെത്തന്നെ നമുക്കു തരികയും ചെയ്തു നമ്മുടെ രക്ഷിതാവാകുന്നു. സകല പാപികളുടേയും —ഏററം നിരാശപ്പെട്ടിരിക്കുന്നവരുടേയും— ആശ്രയമായ കരുണയുള്ള മറിയം നമ്മുടെ മാതാവത്രെ. മാലാഖാമാരും പുണ്യവാന്മാരും നമ്മെപ്രതി സൎവ്വദാ പ്രാൎത്ഥിക്കയും ചെയ്യുന്നു. ഇങ്ങനെയിരിക്കെ നാം നിരാശപ്പെടുന്നതിനു എന്തു കാരണമാണുള്ളതു്?

ഉപവിക്കു പ്രതികൂലങ്ങളായ പാപങ്ങൾ: ൧) സ്നേഹത്തിനുനേരെ വിരോധമായ ശത്രുത്വ (Hatred) വും, ൨) നമ്മുടെ സമസൃഷ്ടികളുടെ ആത്മിക ന

ന്മകളേപ്പററിയും ലൌകിക നന്മകളെപ്പററിയുമുള്ള അസൂയ (Jealousy, Envy) യും, ൩) സാമുദായികവും ഗൃഹസംബന്ധവുമായ രമ്യതയ്ക്കു വിരോധമായ വഴക്കുകളും (Discord), ൪) വേദസംബന്ധമായ യോജ്യതക്കു പ്രതികൂലമായ ശീശ്മയും (Schism), ൫) ഉപകാരത്തിനു വിപരീതമായ ഉപദ്രവവും (Offence), ൬) സദുപദേശത്തിനും തിരുത്തലുകൾക്കും വിരോധമായ ഇടർച്ചയും (Scandal) ആകുന്നു. ഇതുകളേപ്പററി യഥാവസരം പ്രസ്താവിക്കുന്നതാണ്. (തുടരും)

ഇ. ടി. ജോസഫ്

## വി. യൌസേപ്പുപിതാവ്.

(൧൨)

മാർ യൌസേപ്പിൻെറ ശുദ്ധീകരണം.

ദൈവത്തിൻെറ പ്രത്യേകമായ അനുഗ്രഹത്താൽ പരിശുദ്ധ കന്യക ജന്മപാപരഹിതയായിരുന്നുവെന്നത് ഇപ്പോൾ നമ്മുടെ വിശ്വാസ സത്യങ്ങളിൽ ഒന്നുതന്നെയാണ്. ഏറമിയാ ദീർഘദർശി, വി. യോഹന്നാൻ മാംദാനാ മുതലായ ചിലരും ഭൂജാതരാകുന്നതിനുമുമ്പേതന്നെ ദൈവകൃപയാൽ ശുദ്ധീകരിക്കപ്പെട്ടുവെന്ന് വിശുദ്ധ ലിഖിതങ്ങളിൽനിന്നും നാം അറിയുന്നു. എന്നാൽ മാർ യൌസേപ്പിനെപ്പററി എപ്രകാരമാകുന്നു നാം പറയേണ്ടത്? സ്ഥാനത്തിലും പുണ്യമഹിമയിലും താൻ പരിശുദ്ധ കന്യകയേക്കാൾ ഒരുപടി താഴെയാകകൊണ്ട്, ദൈവജനനിക്കു ലഭിച്ചതുപോലെയുള്ള ഒരു പ്രത്യേകത തനിക്കും ഉണ്ടായിരുന്നുവെന്നു തീർച്ചപ്പെടുത്താൻ നിവൃത്തിയില്ല. തിരുസഭയും ഇതേപ്പററി യാതൊന്നും നിർണ്ണയിച്ചിട്ടില്ലതാനും. എങ്കിലും പരിശുദ്ധ കന്യക കഴിഞ്ഞാൽ മററെല്ലാ പുണ്യവാന്മാരേയുംകാൾ മാർ യൌസേപ്പ് സ്ഥാനത്തിലും പുണ്യയോഗ്യതയിലും മുമ്പിട്ടുനിൽക്കുന്നതുകൊണ്ട്, വിശുദ്ധ ലിഖിതത്തിൽനിന്നും വെളിപ്പെടുന്നില്ലെന്നു വരികിലും, താനും ജനനത്തിനുമുമ്പേ ശുദ്ധീകരിക്കപ്പെട്ടിരിക്കണമെന്നു നമുക്കു ന്യായമായി അനുമാനിക്കാവുന്നതാണ്. ആ ശുദ്ധീകരണവും ഏറമിയാ, യോഹന്നാൻ മുതലായവർക്കു ലഭിച്ച സമയത്തിനുമുമ്പായി നടന്നിരിക്കേണ്ടതുമാകുന്നു. എന്തെന്നാൽ വിശുദ്ധ യൌസേപ്പിന് അനുവദിക്കപ്പെടാത്തതായ യാതൊരു ദൈവാനുഗ്രഹവും മററൊരു പുണ്യവാനും— ദൈവജനനി ഒഴികെ— സിദ്ധിച്ചിട്ടില്ലെന്നു വിശുദ്ധ സഭാപിതാക്കന്മാർ ഏകകണ്ഠമായി സമ്മതിക്കുന്നുണ്ട്. സർവ്വപ്രകാരേണയും എല്ലാവരേയുംകാൾ മ്ശിഹായോട് ഏററം സമീപിച്ചിരിക്കുന്നതു പരിശുദ്ധ കന്യകയായിരിക്കുന്നതുപോലെ, ഈ ഭാഗ്യപ്പെട്ട ജനനിയോട് എത്രയും അടുത്തിരിക്കുന്നതു മാർ യൌസേപ്പുതന്നെയാകുന്നു. അതുകൊണ്ട് മ്ശിഹായുടെയും തൻെറ മാതാവിൻെറയും യോഗ്യതയെക്കുറിച്ചു മാർ യൌസേപ്പിന്, ദൈവമാതാവിൻെറ മഹിമയ്ക്കുമാത്രം ആ വിശിഷ്ട വരം ലഭിച്ചുവെന്നുള്ളത്, ന്യായപൂർവ്വകമായ ഒരനുമാനമാണെന്നു വിചാരിക്കേണ്ടതാകുന്നു.

മനുഷ്യാവതാര രഹസ്യത്തോടും തദ്വാരാ നരകുലത്തിൻെറ പരിരക്ഷയോടും അവിഭാജ്യമെന്നപോലെ ബന്ധിക്കപ്പെടേണ്ടിയിരുന്ന മാർ യൌസേപ്പിനെ സൃഷ്ടിക്കുന്നതിൽ ദൈവത്തിന് എത്രയും ഉന്നതമായ ഒരുദ്ദേശ്യം ഉണ്ടായിരുന്നുവെന്നു പറയേണ്ടതില്ല. അതുകൊണ്ടുതന്നെയാണു വിശുദ്ധ ലിഖിതത്തിൽ പ്രത്യേകമായി തന്നെക്കുറിച്ചു പ്രസ്താവിക്കപ്പെട്ടിരിക്കുന്നതും. ഏവംവിധമായ ദൈവവിളി ഇതര പുണ്യവാന്മാർക്കും മാലാഖാമാർക്കുകൂടെയും അനർഹമായിരിക്കെ തൻെറ ശുദ്ധീകരണവും ഈ മഹോന്നതസ്ഥാനത്തിനു പററിയതായിരിക്കണം. സകല സൃഷ്ടബോധങ്ങൾക്കും അഗോചരമായ ദൈവമാനുഷബന്ധത്തിൽപോലും മാർ യൌസേപ്പ് ഭാഗഭാക്കാകേണ്ടിയിരുന്നു. മഹാപുണ്യവാനും ശാസ്ത്രപാരംഗതനുമായ തോമ്മാ അക്വിനാസിൻെറ പ്രബോധനം, ദൈവം ഓരോ കാര്യങ്ങൾക്ക് ഓരോരുത്തരെ തെരഞ്ഞെടുക്കുന്ന അവസരത്തിൽ അവയെ നിർവ്വഹിക്കുന്നതിന്

അവശ്യം വേണ്ടതായ അനുഗ്രഹങ്ങളും അവക്കു നൽകും എന്നാണ്. അതിനാൽ ഏതന്തസ്സിൽ പ്രവേശിക്കുന്നവക്കും അതിനു പൎയ്യാപ്തമായ ദൈവകൃപ ലഭിക്കാതിരിക്കയില്ല. വിശുദ്ധ ബെൎണ്ണർദീൻ ദെസീന എന്ന ദേഹവും, മാർ യൌസേപ്പിൽ ഈ തത്വം അന്യൂനമായി നിറവേറിയിരിക്കുന്നുവെന്നു പറയുന്നു. എന്തെന്നാൽ, മ്ശിഹായുടെ സങ്കല്പിത പിതാവും, സൎവ്വലോകൈക രാജ്ഞിയുടെ നാഥനും, നിത്യപിതാവിൻെറ അമൂല്യ നിക്ഷേപങ്ങളുടെ വിശ്വസ്ത സംരക്ഷകനായി തെരഞ്ഞെടുക്കപ്പെട്ടവനും ആയ മാർ യൌസേപ്പിനേക്കാൾ ഉന്നതനായി ദൈവവും തൻെറ അമ്മയുമല്ലാതെ മററാരാണുള്ളത്? തദനുസരണമായ ദൈവ വരവും തനിക്കു ലഭിച്ചില്ലെന്നു പറയുന്നതിന് ആരെങ്കിലും ധാർഷ്ട്യപ്പെടുമൊ?

എന്നാൽ ദൈവത്തിൻെറ തെരഞ്ഞെടുപ്പ് അനാദിയിലെ ഉള്ളതാണ്. ശുദ്ധീകരണം ഒരു കാലഘട്ടത്തിൽ മാത്രമെ സംഭവിക്കയുള്ളു. അതും പലക്കും പലേ സമയങ്ങളിൽ ആയിരിക്കയും ചെയ്യും. ക്രിസ്ത്യാനികളെ ഒന്നാകെ വിദ്ധ്വംസനംചെയ്യുന്നതിനു ഡമാസ്കസിലേക്കു വളരെ ഊൎജ്ജിതമായി പോയിരുന്നപ്പോഴാണല്ലൊ സാവുലിനു (പിന്നീടു മഹാശ്ലീഹായായിത്തീൎന്ന വിശുദ്ധ പൌലോസിനു) ഈ അനുഗ്രഹം സിദ്ധിച്ചത്. മേൽപ്പറഞ്ഞതുപോലെ ഏറമിയാസ്സും മററും ജനനത്തിൻമുമ്പേയും ഈ വിശിഷ്ട വരം ലഭിച്ചു. നിവൃത്തിയുള്ളേടത്തോളം വേഗം ഓരോ ആത്മാവിലേക്കും സംക്രമിച്ചുകൊണ്ട് അതിനെ സംശുദ്ധമാക്കുകയെന്നത് ദൈവനന്മയുടെ എത്രയും അത്ഭുതകരമായ ഒരു ദാനമാണ്. ഈവിധമാകുന്നു ആത്മാക്കളുടെ ശുദ്ധീകരണം സിദ്ധമാകുന്നതും. എന്നാൽ ഇതിനു മാർ യൌസേപ്പിൻെറ ആത്മാവിനെക്കാൾ ക്രൂടുതലായ യോഗ്യത ഇതരാത്മാവിനുണ്ടായി എന്നു വിചാരിപ്പാൻ പാടില്ല. സങ്കീൎത്തനക്കാരൻെറ വാക്യങ്ങൾ ഈ അവസരത്തിനു യുക്തമായിരിക്കുന്നു. "മാധുൎയ്യത്തിൻെറ ആശീൎവ്വചനങ്ങൾ കൊണ്ടു നീ അവനെ മുമ്പനാക്കിയിരിക്കുന്നു. വിലയേറിയ രത്നങ്ങൾകൊണ്ടുള്ള ഒരു മകുടം അവൻെറ ശിരസ്സിൽ നീ വച്ചിരിക്കുന്നു."

ദൈവം മാർ യൌസേപ്പിനെ എത്രയും വിശിഷ്ടമായ നിലയിൽ തെരഞ്ഞെടുത്തിരിക്ക കൊണ്ട് അദ്ദേഹത്തിൻെറ ആത്മാവിനെ സ്വാധീനമാക്കുന്നതിനു ജനനംവരെ താൻ പാൎത്തിരിക്കയില്ലതന്നെ. തൻെറ സങ്കല്പിതപുത്രനാകേണ്ടിയിരുന്ന മ്ശിഹായുടെ യോഗ്യതകളാൽ മാർ യൌസേപ്പിൻെറ പാപകന്മഷം സ്വമാതാവിൻെറ ഉദരത്തിൽ വച്ചുതന്നെ അകററപ്പെടുകയും അത്യധികമായ ദൈവദാനങ്ങളാൽ തൻെറ ആത്മാവ് സംഭൂഷിതയാക്കപ്പെടുകയും ചെയ്തു. താദൃശമായ ശുദ്ധീകരണം രണ്ടുവിധത്തിൽ ഉണ്ടാകാൻ പാടുണ്ട്. ആത്മാവു ശരീരത്തിലേക്ക് ആവേശിക്കുന്ന നിമേഷത്തിൽ ജന്മപാപാസ്പൃഷ്ടയായി അതിനെ കാത്തുകൊള്ളുകയൊ അഥവാ ആവേശിതയായ ആത്മാവിനെ പാപത്തിൽനിന്നും ഉടനെ വിമോചനം ചെയ്കയൊ ആവാം. പരിശുദ്ധ കന്യകയുടെ എത്രയും സ്തുതിക്കപ്പെട്ട അമലോത്ഭവം ആദ്യത്തെ വിധം ഉള്ളതാണ്. ഇങ്ങനെ തന്നെ മാർ യൌസേപ്പും അമലോത്ഭവനാണെന്നു വാദിക്കുന്നവരും ഇല്ലാതില്ല.

പതിനഞ്ചാം ശതാബ്ദത്തിൽ ജീവിച്ചിരുന്ന ബെർണർദീൻ ദെബുസ്റ്റിസ് എന്ന ദേഹം ഇങ്ങനെ പറയുന്നു: "മ്ശിഹായെയും മറിയത്തേയുംപ്രതി, മാർ യൌസേപ്പ് തൻെറ ജനനിയുടെ ഉദരത്തിൽ വച്ചു ശുദ്ധീകരിക്കപ്പെടുകയല്ല, പിന്നെയൊ ജന്മപാപത്താൽ താൻ മലിനീകൃതനാകുകപോലും ചെയ്തില്ലാ എന്നു മാർ യൌസേപ്പിൻെറ ഭക്തന്മാരായ ചിലർ പ്രസ്താവിക്കുന്നുണ്ട്." എന്നാൽ ഈ മഹാത്മാവ് ഈ അഭിപ്രായത്തെ അനുകൂലിക്കയൊ പ്രതികൂലിക്കയൊ ചെയ്തിട്ടില്ല. പതിനാറാംനൂററാണ്ടിൽ ലെബേസ്സിയൊ എന്ന വേദശാസ്ത്രജ്ഞൻ പറയുന്നത്, പരിശുദ്ധ കന്യകയ്ക്കു ലഭിച്ച അമലോത്ഭവവരം മാർ യൌസേപ്പിനും ലഭിച്ചു എന്നു പലരും വിശ്വസിക്കുന്നുവെന്നാണ്. എങ്കിലും സഭാപിതാക്കന്മാരുടെ പ്രബലമായ ഉൽബോധനവും തിരുസഭയുടെ തീരുമാനവും നമുക്കു വേണ്ടുവണ്ണം ഇല്ലാതിരിക്കുന്നതിനാൽ ഇതൊരു ഭക്താഭിപ്രായമാ

യിട്ടേ കരുതേണ്ടതൊള്ളു എന്നും ഇദ്ദേഹം തന്നെ പ്രസ്താവിക്കുന്നുണ്ട്. തൻമൂലം ഈ അഭിപ്രായത്തിന്നു നമ്മുടെ ന്യായബോധത്തെ കവിഞ്ഞുള്ള പ്രാബല്യം നൽകേണ്ടതില്ല. (തുടരും)

ഏണോക്കാട്ടു യൌസേപ്പു ക.

---

വിശുദ്ധ ബത്ത്ലൂമ്മെയുടെ അന്ന എന്ന

## ധന്യയുടെ ജീവചരിത്രം.

(തുടർച്ച)

### അദ്ധ്യായം ഒന്ന്.

#### ജനനസ്ഥലവും മാതാപിതാക്കന്മാരും.

സ്പെയിനിൽ വിശുദ്ധ അമ്മ ത്രേസ്യായുടെ ജന്മനഗരമായ ആവിലാ പട്ടണത്തിനു സമീപേ ആൽമണ്ടറാൽ എന്ന ഒരു ഉപഗ്രാമത്തിൽ ഈ സുകൃതിനി ൧൫൪൯ ഒക്ടോബർ ഒന്നാം തീയതി ജാതയായി. പിൽകാലങ്ങളിൽ ഇത്ര സ്നേഹബന്ധനത്താൽ യോജിപ്പാനിരുന്ന ഈ രണ്ടു മഹാത്മാക്കളുടെയും ജനനസ്ഥലങ്ങളും ഇങ്ങനെ പരസ്പരം സമീപിച്ചിരിക്കുവാൻ ഇടയായതും ദൈവാധീനം തന്നെയെന്നു പറയേണ്ടതില്ലല്ലൊ. നമ്മുടെ കഥാനായികയുടെ പിതാവിന്റെ പേരു ഫെർദിനാന്ത് ഗാർസ്യായെന്നും മാതാവിന്റേതു് മരിയ മങ്കാനാസ് എന്നും ആയിരുന്നു. ഇവർ ലോകപ്രകാശത്തിനായി ജനിപ്പിച്ച ഈ മഹതിയുടെ യോഗ്യമാതാപിതാക്കന്മാരായിരുന്നു എന്നുള്ള പ്രസ്താവനകൊണ്ടു തന്നെ ഈ ദമ്പതിമാരുടെ സ്തുതി ധാരാളം വിശദമാകുന്നുണ്ട്. ദൈവം തങ്ങൾക്കു നൽകിയ ശിശുവിനു ജ്ഞാനസ്നാനവരപ്രസാദം ഉടനെ സിദ്ധിക്കണമെന്നുള്ള ഭക്തിതീക്ഷ്ണത നിമിത്തം, പിറന്ന ദിവസം തന്നെ ദൈവാലയത്തിൽ കൊണ്ടുപോയി കുട്ടിക്കു മാമ്മോദീസാ നൽകപ്പെടുകയും അന്നയെന്നു നാമകരണം ചെയ്യുകയുമുണ്ടായി. 'ദൈവരാജ്യം വരണം' എന്നായിരുന്നു ഇവരുടെ മുദ്രാവാചകം. ഇതിനാൽ ദൈവമഹിമയെ എല്ലാപ്രകാരേണയും ഉളവാക്കുന്നതിനു അതീവയത്നം ചെയ്തിരുന്നു. ഫെർദിനാന്തു ന. കർത്താവിന്റെ എല്ലാതിരുനാൾകളേയും മരിയ മങ്കാനാസ് പരിശുദ്ധ കന്യകമറിയത്തിന്റെ തിനാളുകളേയും പ്രത്യേകം അമലോത്ഭവതിരുനാളിനേയും ആഡംബരപൂർവ്വം കൊണ്ടാടിവന്നിരുന്നു. തൻമൂലം ദൈവം ഏററവും പ്രസാദിച്ച് തന്റെ വരപ്രസാദങ്ങളും ആശീർവ്വാദങ്ങളും ഇവരുടെ മേലും ഈ കുടുംബത്തിന്മേലും അതിസമൃദ്ധിയായി വർഷിച്ചുകൊണ്ടിരുന്നു. വിശ്വസ്തരും ഭക്തരുമായ തന്റെ ദാസരുടെമേൽ ദൈവം ആത്മികദാനങ്ങളും വരങ്ങളും മാത്രമല്ല പൊഴിഞ്ഞിരുന്നതു്. പിന്നെയൊ അവരുടെ സമസ്തവേലകളേയും ആശീർവ്വദിക്കയും അവരുടെ നിലം, പുരയിടം മുതലായതുകളെ ഫലവത്താക്കിത്തീർക്കുകയും ചെയ്തു. ഇപ്രകാരം ഇവരുടെ കുടുംബകാര്യങ്ങളെല്ലാം ശുഭസംപൂർണ്ണമായി പരിണമിച്ചിരുന്നു. ആൽമെണ്ടറാൽ ഗ്രാമത്തിൽ ഇത്രയും ഐശ്വര്യപുഷ്ടമായ യാതൊരു കുടുംബവും ഉണ്ടായിരുന്നില്ല. അവരുടെ ഭവനം ഉപവിയുടെ സങ്കേതമായിരുന്നതാണ് ഇതിനു കാരണം. ദരിദ്രന്മാരെ ദയാപൂർവ്വം സ്വീകരിച്ചു സൽക്കരിച്ചിരുന്നു. തെരുവീഥിയിൽ വല്ലൊരുകുട്ടി കരയുന്നതു കേട്ടാലുടനെ, അതിന്റെ കാരണം അന്വേഷിച്ചു സങ്കടം തീർക്കാതിരിക്കയില്ല. അത്രമാത്രം അവരു സഹതാപമുള്ളവരായിരുന്നു. അതു് ഒരു അനാഥ കുട്ടിയായിരുന്നാൽ മരിയമങ്കാനാസ് അതിനെ എടുത്തു ഒരു തള്ളയെപ്പോലെ പരിപാലിച്ചിരുന്നു. പുണ്യാത്മാക്കളായ ദമ്പതിമാർക്കു് മൂന്നു പുത്രന്മാരെയും നാലു പുത്രിമാരെയും ദൈവം നൽകി. ഇവരിൽ ഏററവും ഒടുവിലത്തെതായിരുന്നു നമ്മുടെ കഥാനായിക. തങ്ങളുടെ കുട്ടികളെ ദൈവഭക്തിയിൽ വളർത്തുന്നതിനായി സുകൃതവാനായ ഒരു വൈദികനെ തങ്ങളുടെ ഭവനത്തിൽ താമസിപ്പിക്കയുണ്ടായി. ഈ അനുഗ്രഹീതമായ കുടുംബത്തിൽ ദൈവം വാണിരുന്നു എന്നു പറയേണ്ടതില്ലല്ലൊ. ദിവസംപ്രതി മുടക്കംകൂടാതെ കാരണവന്മാരും മക്കളും കുർബാന കണ്ടിരുന്നു. അവരുടെ പ്രാർത്ഥനാലയത്തിൽ ദിനംപ്രതിയുള്ള ജപങ്ങളെ കൂട്ടമായി എത്തിച്ചിരുന്നു. പ്ര

ത്ര്യേകം ജപമാല അത്യന്ത ഭക്തിപൂൎവ്വം ചെ,ല്ലിയിരുന്നു. കുട്ടികളുടെ കാൎയ്യം വിചാരിച്ചിരുന്ന അച്ചൻ പ്രതിദിനം ക്രൈസ്തവവേദോപദേശം പഠിപ്പിക്കയും ദൈവഭക്തിയിലും ദൈവസ്നേഹത്തിലും അവരെ പരിശീലിപ്പിക്കയും ചെയ്തിരുന്നു. പെൺകുട്ടികൾ പള്ളിയിലും പറമ്പുകളിൽ വേലയ്ക്കുമല്ലാതെ ഒരിക്കലും വീട്ടിൽനിന്നു പുറപ്പെട്ടിരുന്നില്ല. ത്രേസ്യാപുണ്യവതിയുടെ സഭയിൽ പിന്നീടു ചേൎന്ന ഈ ചെറുബാലികയ്ക്കു പിതൃഭവനം ഒരു ആശ്രമംപോലെയായിരുന്നു. ഇവളുടെ അപ്പനമ്മമാരുടെയും സഹോദരങ്ങളുടെയും ഉത്തമമാതൃക അന്നയെ ദൈവശുശ്രൂഷയിൽ അതിയായി പ്രോത്സാഹിപ്പിച്ചിരുന്നു. എന്നാൽ അന്നയ്ക്കു ഏററവും ഭാഗ്യപ്രദമായിരുന്നതു്, അവളുടെ ഇളയപ്പൻെറ പുത്രിയായ ഫ്രൻസീസ്കാ ഗാൎസ്യായെന്ന കന്യകാരത്നത്തിൻെറ വേൎപിരിയാത്തുള്ള തുണയും സഹവാസവുമായിരുന്നു. ഈ പെൺകുട്ടിയും അന്ന ജനിച്ച ദിവസം തന്നെ ജനിക്കയും അതേ തീയതിയിൽ മാമ്മോദീസാ മുങ്ങുകയും അവളെപ്പോലെ കുററമററ ഒരു ജീവിതം കഴിക്കയും അവളോടു ഒരുമിച്ചു കൎമ്മലീത്താസഭയിൽ ചേരുകയും ആവിലായിലെ വിശുദ്ധ യൌസേപ്പിൻെറ ആശ്രമത്തിൽവച്ചു സഭാവസ്ത്രം ധരിക്കയും ചെയ്തു.

## അദ്ധ്യായം ൨.

ഉദ്ദേശം മൂന്നു വയസ്സുള്ളപ്പോൾ അന്നയ്ക്കുണ്ടായ ഒരു കാഴ്ച— പാപത്തിന്മേലുണ്ടായ വെറുപ്പു— പരിശുദ്ധ കന്യകയുടെയും വിശുദ്ധ യൌസേപ്പിൻെറയും മററു പുണ്യവാന്മാരുടെയും മാലാഖമാരുടെയും നേൎക്കുള്ള ഭക്തി.

ഈശോമറിയം യൌസേപ്പിൻെറയും വിശുദ്ധ അമ്മത്രേസ്യായുടെയും നാമത്തിൽ ആജ്ഞാനുസരണം എൻെറ ഈ ജീവചരിത്രം ഞാൻ എഴുതുന്നു. എൻെറ നന്നാ ചെറുപ്പത്തിൽ, സംസാരിപ്പാനറിഞ്ഞുകൂടാതെയിരുന്നിരുന്ന കാലത്തു്, ഒരു ദിവസം എൻെറ സഹോദരികൾ, കൈവേല ചെയ്യുന്ന ഒരു മുറിയുടെ നടുവിൽ എന്നെ പിടിച്ചു നിറുത്തി. അപ്പോൾ അതിലെ കടന്നുപോയിരുന്ന എൻെറ അമ്മ അവരെനോക്കി, കുട്ടിവീണു വല്ല അപകടവും നേരിടാതിരിപ്പാൻ സൂക്ഷിച്ചുകൊള്ളണം" എന്നു പറഞ്ഞു. അപ്പോൾ എൻെറ സഹോദരികളിൽ ഒരുത്തി "ആ കുഞ്ഞു ഇപ്പോൾ മരിച്ചുപോയാൽ അതൊരു വലിയ ദൈവാനുഗ്രഹമായിരിക്കും. എന്തുകൊണ്ടെന്നാൽ അവൾ ഇപ്പോൾ നേരെ മോക്ഷത്തിൽ പോകും" എന്നു പറഞ്ഞു. അപ്പോൾ ഹേ! അങ്ങനെ പറയരുതു്. അയ്യോ ആ കുഞ്ഞു് മരിക്കല്ലെ! ആയുസ്സോടുകൂടിയിരിക്കുമെങ്കിൽ ഒരു പക്ഷെ അവൾ ഒരു പുണ്യവതി ആയിതീൎന്നേക്കാം എന്നു വേറൊരു സഹോദരി പ്രതിവചിച്ചു. അതിനു ആദ്യത്തെ സഹോദരി വീണ്ടും "അതു നിശ്ചയമില്ലല്ലൊ? ഇപ്പോഴാണെങ്കിൽ ഒന്നും പേടിക്കാനില്ല. കുട്ടികൾക്കു ഏഴുവയസ്സു ആകുമ്പോൾ പിന്നെ അവൎക്കു പാപം ചെയ്വാൻ പാടുണ്ടു്" എന്നു മറുപടിപറഞ്ഞു. ഇതെല്ലാം ഞാൻ കേട്ടുകൊണ്ടിരുന്നു. എൻെറ ജ്യേഷ്ഠത്തി, പാപം എന്ന വാക്കുപറഞ്ഞപ്പോൾ ഞാൻ അറിയാതെ എൻെറ കണ്ണുകളെ സ്വൎഗ്ഗത്തിലേക്കു ഉയൎത്തി. അപ്പോൾ സ്വൎഗ്ഗം എൻെറ മുകളിൽ തുറന്നിരിക്കുന്നതായും നമ്മുടെ കൎത്താവു് മഹാ പ്രതാപത്തോടെ എനിക്കു പ്രത്യക്ഷനായും ഞാൻ കാണുക ഉണ്ടായി. അതൊരു പുതിയ കാഴ്ചയായിരുന്നതുകൊണ്ടു, അവിടെ കാണപ്പെട്ട കൎത്താവിൻെറനേൎക്കു അത്യധികമായ വണക്കവും ഭയവും ആണു് എൻെറ ഉള്ളിൽ തട്ടിയതു്. എന്തെന്നാൽ അവിടുന്നു ദൈവമാണെന്നും എന്നെ ഒരിക്കൽ വിധിപ്പാനിരിക്കുന്ന ആളാണെന്നും അപ്പോൾ സ്വയമേ ഗ്രഹിച്ചു. അതു മുതല്ക്കു പാപത്തിന്മേലും ദൈവത്തെ ഉപദ്രവിക്കുന്നതിനെപ്പററിയും വലുതായ ഒരു ഭയം സദാ എൻെറ ഉള്ളിൽ ഉണ്ടായി. എനിക്കു ഏഴുവയസ്സു പ്രായമായപ്പോൾ നിൎഭാഗ്യവശാൽ വല്ലൊരു പാപം ചെയ്വാൻ ഇടവന്നേക്കുമോ എന്നൊരു വിചാരം എനിക്കുണ്ടാകയും തന്നിമിത്തം കരകയും ചെയ്തു. അപ്പോൾ, എന്തിനാണു് കരയുന്നതെന്നു എൻെറ സഹോദരികളിൽ ഒരാൾ ചോദിച്ചതിനു "പാപം ചെയ്വാൻ എനിക്കിടവന്നേ

ക്കുമോ എന്നുള്ള ഭയംകൊണ്ടാണ് ഞാൻ കരയുന്നത്. അയ്യോ! ഒരു പാപം ചെയ്യുന്നതിനെക്കാൾ ഞാൻ മരിപ്പാൻ തയ്യാറാണ്" എന്നു ഞാൻ സമാധാനം പറഞ്ഞു.

. ഹ്ഠ . ൧ . ഥ

## കുടുംബപ്രതിഷ്ഠ.

നമ്മുടെ കൎത്താവിന്റെ തിരുഹൃദയത്തെ സിംഹാസനാരോഹണം ചെയ്യിട്ടുള്ള കുടുംബങ്ങളുടെ പേരുകൾ നാനാഭാഗത്തുനിന്നും ഇവിടെ വന്നുകൊണ്ടിരിക്കുന്നു. തിരുഹൃദയഭക്തിക്കു പ്രതിഷ്ഠിക്കപ്പെട്ടിട്ടുള്ള മിഥുനമാസത്തിൽ പ്രസ്തുത ഭക്തകൃത്യത്തിന് അസാമാന്യമായ പ്രചാരം സിദ്ധിച്ചിട്ടുണ്ടെന്ന് ഇതിൽ നിന്നു തെളിവാകുന്നുണ്ട്. അത് എത്രയും സന്തോഷാവഹം തന്നെ.

നാളതുവരെ ഇവിടെ എത്തിച്ചുതന്നിട്ടുള്ള കുടുംബങ്ങളുടെ പേർവിവരപ്പട്ടിക യഥാസമയം അതിന്റെ കേന്ദ്രസ്ഥാപനത്തിലേക്ക് അയച്ചുകൊണ്ടിരിക്കുന്നു. അവിടെ അതു ചെന്നെത്തി റജിസ്റ്ററിൽ ചേൎത്തു പ്രാൎത്ഥിച്ചുവരുന്നതായി ഇവിടെ അറിവുകിട്ടിയിരിക്കുന്നു എന്നുള്ള സംഗതിയും എല്ലാവരേയും ഇതുവഴിയായി അറിയിച്ചുകൊള്ളുന്നു.

പ്രതിഷ്ഠ കഴിച്ചിട്ടുള്ള കുടുംബങ്ങളിലൊക്കെയും അതിന്റെ നിത്യസ്മരണയ്ക്കായി മാന്നാനത്ത് അച്ചടിച്ച 'പ്രതിഷ്ഠാ' പുസ്തകത്തോടുകൂടി സൌജന്യമായി നൽ നൽകുന്ന സാക്ഷിപത്രംകൂടി വാങ്ങിച്ചു തിരുഹൃദയപ്രതിമയുടെ അടിയിൽ സ്ഥാപിക്കുന്നതു് ഉത്തമമായിരിക്കും. കൂടാതെ തിരുഹൃദയഭരണം വ്യവസ്ഥാപിതമായിട്ടുള്ള കുടുംബങ്ങളിലൊക്കെയും തിരുഹൃദയത്തിരുനാൾ പാടുപോലെ ആഘോഷമായി കഴിക്കണമെന്നും ഓൎമ്മിക്കേണ്ടതാണ്. നമ്മുടെ കുടുംബങ്ങളിൽ നാട്ടാചാരവും ജാത്യാചാരവും അനുസരിച്ച് എന്തെല്ലാം ആഘോഷങ്ങളും അടിയന്തരങ്ങളുമാണ് ദ്രവ്യവ്യയത്തോടുകൂടി നടത്തിപ്പോരുന്നത്. എന്നാൽ വേദാചാരം അനുസരിച്ചു നമ്മുടെ രക്ഷനാഥന്റെ തിരുഹൃദയത്തിരുനാൾകൂടിയും ആരംഭിച്ച് ആദ്ധ്യാത്മികാഘോഷത്തോടെ നടത്തിപ്പോരുന്നതിനു പ്രത്യേകം കുടുംബത്തലവന്മാർ ഉത്സുകന്മാരായിരിക്കണം. ഇതിലേക്കു പാടുപോലെ ദിവ്യകാരുണ്യം സ്വീകരിക്കയും സന്ധ്യയ്ക്കു, പ്രതിഷ്ഠ നടത്തിയ ദിവസത്തിലെപ്പോലെ തന്നെ, തിരുഹൃദയസ്വരൂപം യഥാശക്തി അലങ്കരിച്ച് അതിൻമുമ്പാകെ മുട്ടുകുത്തി കുടുംബത്തലവൻ പ്രതിഷ്ഠാദിവസം ചെയ്യു ജപങ്ങളൊക്കെയും ചൊല്ലി പ്രതിഷ്ഠ നവീകരിക്കയും ചെയ്യണം. ഇങ്ങനെ ചെയ്യുമ്പോൾ പൂൎണ്ണദണ്ഡവിമോചനവും ലഭിക്കാവുന്നതാണ്. അതു നിങ്ങളുടെ കുടുംബങ്ങളിൽ മരിച്ചിട്ടുള്ളവൎക്കായി കാഴ്ച വെക്കുന്നതും വളരെ യുക്തമായിരിക്കും. ഇക്കഴിഞ്ഞ തിരുഹൃദയത്തിരുനാൾ ഈവിധം എല്ലാവരും ആഘോഷിച്ചിരിക്കുമെന്നു വിശ്വസിക്കുന്നു. വല്ലവരും മറന്നുപോയെങ്കിൽ പാടുപോലെ വേഗത്തിൽ ഒരുദിവസം നിശ്ചയിച്ച് അതു കഴിക്കുന്നതിനും മേലാൽ അപ്രകാരം ഉപേക്ഷ വരുത്താതിരിക്കുന്നതിനും ശ്രമിക്കണം. "കുടുംബപ്രതിഷ്ഠ" എന്ന പുസ്തകം എല്ലാ കുടുംബങ്ങളിലും ഓരോന്നു വാങ്ങിവെച്ചിരുന്നാൽ ഇതിന്നു വളരെ ഉപയോഗപ്രദമായിരിക്കും. കടശി, ഇനിയും പ്രതിഷ്ഠ നടത്തുന്നതിന് ഇടവരാത്ത കുടുംബങ്ങളിൽ അത് ഉടനെ നടത്തുന്നതിനു ഉത്സാഹിക്കണമെന്നും പ്രസ്തുത കുടുംബശ്രേഷ്ഠന്മാരെ ഓൎമ്മിപ്പിച്ചുകൊള്ളുന്നു. എല്ലാവൎക്കും തിരുഹൃദയത്തിന്റെ ആശീൎവ്വാദം സൎവ്വദാ ഉണ്ടായിരിക്കട്ടെ എന്നുള്ള പ്രാൎത്ഥനയോടുകൂടി തൽക്കാലം അവസാനിപ്പിക്കുന്നു.

ക. നി. മൂ. സ. യോഹന്നാൻ പട്ട:

മുത്തോലി,
൧൯൦൮ ജൂൺ ൨൯. }

## വേദപ്രചാരണം.

"നിങ്ങൾ പോയി സകല ജനങ്ങളോടും ഉപദേശിച്ചു പിതാവിന്റെയും

പുത്രന്റെയും പരിശുദ്ധാരൂപിയുടെയും നാമത്തിൽ അവരെ ജ്ഞാനസ്നാനപ്പെടുത്തുവിൻ." (മത്തായി ൨൮. ൧൯). മ്ശിഹായുടെ ഈ കല്പന ശിരസാ വഹിച്ചുകൊണ്ടു് ശ്ലീഹന്മാർ ഭൂലോകത്തിന്റെ ചതുർഭാഗങ്ങളിലും പോയി സുവിശേഷം പ്രസംഗിച്ചു സത്യവേദത്തെ പ്രചരിപ്പിച്ചു. പന്ത്രണ്ടു ശ്ലീഹന്മാരിൽ ഒരുവനായ വിശുദ്ധ തോമ്മായാണു ഇൻഡ്യയിൽവന്നു വേദപ്രസംഗം ചെയ്തതു്. അജ്ഞാനാന്ധതയിലും വിഗ്രഹാരാധനയിലും നിമഗ്നരായിരുന്ന അനേകർ ജ്ഞാനസ്നാനം കൈക്കൊണ്ടു ദൈവാരാധനയിൽ സ്ഥിരപ്പെട്ടുവരികയിലാണു വേദവിരോധികളുടെ കൈയിൽ അകപ്പെട്ടു വേദത്തെപ്രതി സ്വജീവനെ പൂജിക്കാനിടയായതു്. അവിടുത്തെ അശ്രാന്ത പരിശ്രമത്താൽ നടുകയും നെററിയിലെ വിയൎപ്പാൽ നനക്കുകയും സ്വരക്തത്താൽ വളൎത്തുകയും ചെയ്തിരുന്ന സത്യവേദവൃക്ഷം ശാഖോപശാഖകളായി വളൎന്നു തഴച്ചുവരുവാൻവേണ്ടി തന്റെ പ്രേമശിഷ്യരെയും അവരുടെ അനുഗാമികളായ വേദബോധകരേയും ഭരമേല്പിച്ചു. പ്രസ്തുത മഹാന്മാരിൽ സുപ്രസിദ്ധനും ഇൻഡ്യയുടെ ദ്വിതീയപ്രേഷിതനെന്ന ഉന്നതപദവിക്കു് അൎഹനുമായതു വിശുദ്ധ ഫ്രാൻസീസ്കോസ് ശവരിയാർ ആണു്. ഇദ്ദേഹം ഇൻഡ്യയിൽ പല സ്ഥലങ്ങളിലും വിശിഷ്യ നമ്മുടെ ഈ മലയാളത്തിലും സത്യവേദം പ്രസംഗിച്ചു വളരെ ആളുകളെ മാനസാന്തരപ്പെടുത്തിയിട്ടുള്ളതു സുപ്രസിദ്ധമാണല്ലോ.

പിൽക്കാലങ്ങളിൽ ഈ മഹാ ദൈവപുരുഷന്മാരെ അനുകരിച്ചു പാശ്ചാത്യ രാജ്യങ്ങളിൽനിന്നു വളരെ വേദപ്രസംഗികൾ ഈ ദിക്കുകളിൽവന്നു് അക്ഷീണ പരിശ്രമംചെയ്തും അവൎണ്ണനീയമായ കഷ്ടതകൾ സഹിച്ചും വളരെ ദ്രവ്യവ്യയം ചെയ്തും, മാത്രമല്ല, സ്വജീവനെ പൂജിച്ചുംകൊണ്ടു് ഏറിയ ആളുകളെ മ്ശിഹായുടെ അജഗണത്തിൽ ചേൎത്തുവരുന്നതു് പ്രശംസനീയംതന്നെ. കഴിഞ്ഞ യുഗത്തിന്റെ മദ്ധ്യത്തോടെ പ്രത്യേക ദൈവപരിപാലനയാൽ കേരളത്തിൽ സുസ്ഥാപിതമായ സുറിയാനി കൎമ്മലീത്താ സഭക്കാർ ആത്മരക്ഷാൎത്ഥം നടത്തിവരുന്ന ജ്ഞാനധ്യാനം, ബാലവിദ്യാഭ്യാസം, വൈദിക വിദ്യാഭ്യാസം ആദിയായ വിവിധ ജോലികൾക്കിടയിൽ വേദപ്രചാരത്തിനും അദ്വിതീയമായ ഒരു സ്ഥാനം നൽകീട്ടുണ്ടു്. മാതൃഭവനമായ മാന്നാനത്തു് ആദ്യമായി ൧൮൩൩ മേടത്തിലാണു് ഇതിനു വേണ്ടുന്ന ഏൎപ്പാടുകൾ ചെയ്തു വിവിധജാതിക്കാരായ അനവധി ആളുകളെ വേദം പഠിപ്പിച്ചു ജ്ഞാനസ്നാനപ്പെടുത്തിത്തുടങ്ങിയതു്. ഒരു വേദോപദേശ ശാലയും മലയാള പള്ളിക്കൂടവും ഈ ഉദ്ദേശ്യസിദ്ധിക്കായി സ്ഥാപിക്കുകയുണ്ടായി. അനന്തരം പുളിംകുന്നു്, അമ്പഴക്കാട്ടു്, ചെത്തിപ്പുഴ, വാഴക്കുളം, ഏൽത്തുരുത്തു, മുത്തോലി, പാവറട്ടി എന്നീ ആശ്രമങ്ങളിലും വേദപ്രചാരവേല ആരംഭിക്കയും ബെൽജിയത്തിലെ കൎമ്മലീത്താ വേദപ്രചാരസംഘത്തിൽനിന്നു് അയച്ചുതന്നിരുന്ന പണസഹായത്താൽ പൂൎവ്വാധികം ഔജ്ജ്വല്യത്തിൽ പ്രസ്തുത വേല നടത്തിവരികയും ചെയ്തു.

എന്നാൽ യൂറോപ്പു മുഴുവനേയും ബാധിച്ചിരിക്കുന്ന ആധുനിക ഘോരസമരം നിമിത്തം പ്രസ്തുത ദ്രവ്യസഹായം തീരെ നിന്നുപോയതിനാലും നമ്മുടെ നാട്ടിനെ ബാധിച്ചിരിക്കുന്ന ക്ഷാമത്താലും പ്രസ്തുത ജോലി നിൎവ്വഹിച്ചുകൊണ്ടുപോകുവാൻ നിവൃത്തിയില്ലാതെ ഭാരവാഹികൾ നന്നാ കുഴങ്ങുന്നു. ദിവ്യരക്ഷകൻതന്നെ തുടങ്ങിയതും തന്റെ പ്രേമശിഷ്യർ പിന്തുടൎന്നതും ഏറിയ മഹാന്മാർ ഏറെറടുത്തു നടത്തിവരുന്നതുമായ ഈ ദൈവികപ്രവൃത്തിയെ നിലനിറുത്തിപ്പോരുന്നതു തൽക്കാലസ്ഥിതിക്കു് അത്ര സുസാധമല്ലെങ്കിലും, അതു അധഃപതിക്കാതിരിപ്പാനുള്ള ഉപശാന്തിയെപ്പററി ചിന്താകുലരായിരിക്കുന്ന ഭാരവാഹികൾ, തങ്ങളെ ധനവാന്മാർ ഔദാൎയ്യപൂൎവ്വം സഹായിക്കുന്നതിനു് ഇരുകരങ്ങളും നീട്ടി യാചിക്കുന്നു. ഇത്ര മഹത്തായ കാൎയ്യത്തിനു് ഓരോരുത്തർ ചെയ്യുന്ന സഹായം എത്രതന്നെ അല്പമായിരുന്നാലും അനല്പമായി കരുതി നന്ദിപൂൎവ്വം സ്വീകരിക്കുന്നതാണു്. "പലതുള്ളി പെരുവെള്ളം" എന്നുണ്ടല്ലോ. ആകയാൽ മാന്യരും ഉദാര

ബുദ്ധികളും പരാത്മരക്ഷപ്രിയരുമായ സകലരും ഇക്കാര്യത്തിൽ യഥാശക്തി സഹായിക്കുമെന്നു പൂർണ്ണമായി ആശിക്കുന്നു. പ്രസ്തുത വേദപ്രചാരസ്ഥാപനം മുതൽ ൧൯൧൩ ഡിസമ്പർ ഉൾപ്പടെ ൧൧,൭൨൬ ആളുകൾ വേദോപദേശം പഠിച്ചു ജ്ഞാനസ്നാനപ്പെട്ടിട്ടുണ്ട്.

൧൯൧൬ ജനുവരി മുതൽ ഡിസമ്പർ ഉൾപ്പടെ ഓരോ ആശ്രമങ്ങളിൽ വേദംപഠിച്ച് ജ്ഞാനസ്നാനം സ്വീകരിച്ചവരുടെ സംഖ്യയും ഇതിന്നുവേണ്ടിയുള്ള വരവുചെലവുകളുടെ കണക്കും താഴെ ചേർക്കുന്നു.

| | ആശ്രമങ്ങൾ. | ജ്ഞാനസ്നാന സ്വീകരണ സംഖ്യ. | വരവ്. | | | ചിലവ്. | | |
|---|---|---|---|---|---|---|---|---|
| | | | ക. | ണ. | സ. | ക. | ണ. | സ. |
| 1 | മാന്നാനം. | ൩൬ | ൨൨ | ൪ | ൦ | ൬൨ | ൭ | ൯ |
| 2 | വാഴക്കുളം. | ൫൯ | ൧൨൧ | ൪ | ൯ | ൧൯൯ | ൧൨ | ൦ |
| 3 | ഏൽത്തുരുത്ത്. | ൧൬ | ൪൬ | ൩ | ൨ | ൨൨ | ൨ | ൫ |
| 4 | അമ്പഴക്കാട്. | ൯൨ | ൨൫ | ൨ | ൦ | ൧൫൨ | ൭ | ൨ |
| 5 | പുളിങ്കുന്നു. | ൧൪ | ൧൭ | ൦ | ൧൦ | ൧൬ | ൧൨ | ൦ |
| 6 | മുത്തോലി. | ൯൪ | ൨൧൨ | ൬ | ൨ | ൨൧൧ | ൧൫ | ൯ |
| 7 | പാവർട്ടി. | ൧൩ | ൨൨ | ൦ | ൦ | ൩൩ | ൦ | ൦ |
| 8 | ചെത്തിപ്പുഴ. | ൬൨ | ൭൭ | ൯ | ൧൧ | ൧൦൨ | ൯ | ൧൧ |
| | ആകെ. | ൪൭൧ | ൩൬൯ | ൭ | ൧൦ | ൯൧൩ | ൧൧ | ൩. |

# ഭക്തജീവിതപ്രവേശനം

അദ്ധ്യായം ൪.

ഒരു മാർഗ്ഗദർശിയുടെ ആവശ്യകത.

റാഗേസിൻെറ പക്കൽ പോകുന്നതിനായി പറഞ്ഞപ്പോൾ "എനിക്കു വഴിയറിഞ്ഞുകൂടാ" എന്നാണല്ലൊ ചെറിയ തോബിയാസു പറഞ്ഞത്. ഇതിനു അദ്ദേഹത്തിൻെറ പിതാവ് "ക്ഷണം പോയി നിന്നെ വഴികാണിപ്പാൻ വല്ല ആളേയും അന്വെഷിക്കുക" എന്നാണ് മറുവടി കൊടുത്തത്. എൻെറ ഫിലോത്തയാ! 'നിന്നോടു ഞാൻ പറയുന്നതും ഇതുതന്നെയാണ്. ഭക്തിയെ ലാക്കാക്കി നടക്കുന്നതിന് നീ ഉത്സാഹിക്കുന്നെങ്കിൽ നിൻെറ മാർഗ്ഗദർശിയായി ഒരു സുകൃതവാനെ തെരഞ്ഞെടുക്കുക. ഇതാണ് എൻെറ ഉത്തമ ഉപദേശം. ഭക്തരെല്ലാം ബഹുകാര്യമായി പ്രശംസിച്ചഭ്യസിച്ചിരുന്ന എളിമയുള്ള അനുസരണത്തിലല്ലാതെ, ദൈവതിരുമനസ്സിനെ നീ അത്ര നിശ്ചയമായി കണ്ടെത്തുകയില്ലാ എന്നാണ് ഭക്തനായ അവില്ലാ പറയുന്നത്. കർഡോനായിലെ കത്രീനാ എന്ന കലീനയുടെ കഠിന പ്രായശ്ചിത്ത പ്രവൃത്തികൾ കണ്ടു് അവളെ അനുകരിപ്പാൻ, തൻെറ കുമ്പസാരക്കാരൻെറ ഉപദേശങ്ങൾക്കു വിപരീതമായി വിശുദ്ധ ത്രേസ്യാ പുണ്യവതി ആഗ്രഹിച്ചു; ഈ കാര്യത്തിൽ അദ്ദേഹത്തെ അനുസരിക്കാതിരിപ്പാനായി പുണ്യവതി അധികമായി പരീക്ഷിക്കപ്പെടുകയും ചെയ്തു, എന്നാൽ ദൈവം "മകളെ, നീ ഉത്തമവും ഭദ്രവുമായ ഒരു പന്ഥാവിലാണിരിക്കുന്നത്; നീ അവളുടെ തപസ്സിനെ ആഗ്രഹിക്കുന്നു. എന്നാൽ നിൻെറ കീഴ്വഴക്കത്തെയാണ് ഞാൻ അധികം വിലമതിക്കുന്നത്" എന്നാണു അവരോടു പറഞ്ഞത്. ഇതുമുതൽ വി. ത്രേസ്യാ തൻെറ മേലധികാരികളോടു കടപ്പെട്ടിരുന്നതിൽ കൂടുതലായ ഒരു പ്രത്യേക അനുസരണം ഒരു പുണ്യവാനോടു പറഞ്ഞൊത്തു് അദ്ദേഹത്തിൻെറ കല്പനയും ഉപദേശവും സംശയംകൂടാതെ അനുസരിക്കത്തക്കവണ്ണം അത്ര ഈ

പുണ്യത്തെ മതിച്ചിരുന്നു. അധികം പൂൎണ്ണമായി ദൈവത്തിനധീനരാകുവാൻവേണ്ടി സ്വന്ത ദാസരുടെ മനസ്സിനു തങ്ങളെത്തന്നെ കയ്യേൽപ്പിക്കുന്നവരായി, തനിക്കു മുമ്പുംപിമ്പും ജീവിച്ചിരുന്ന മററനേകം മഹാത്മാക്കളെപ്പോലെ, ഈ അനുസരണയുടെ ഫലമായി വി. ത്രേസ്യാ അവൎണ്ണനീയമായ ആശ്വാസങ്ങളെ പ്രാപിക്കയും ചെയ്തു. ഇങ്ങനെയുള്ള നിശ്ശങ്കമായ അനുസരണയെ സിയന്നായിലെ വി. കത്രീനാ തൻെറ സംഭാഷണങ്ങളിൽ വളരെ അഭിനന്ദിക്കുന്നു. ഭക്തരാജകുമാരിയായ ശു. എലിസബെത്ത് വിദ്വാനായ കൊൺറാഡസിനു പൂൎണ്ണമായി കീഴ്വഴങ്ങിയിരുന്നു. മഹാനായ ശു. ലൂയീസ് മരണത്തിനു അല്പംമുമ്പ് തൻെറ പുത്രനു കൊടുത്ത ഉപദേശവും "കൂടക്കൂടെ കുമ്പസാരിക്കുക, നിനക്കാവശ്യമുള്ളവയെ നിന്നെ നിൎവ്വിഘ്നമായി പഠിപ്പിക്കാൻ പാടുള്ള ബുദ്ധിമാനായ ഒരു നല്ലകുമ്പസാരക്കാരനെ തെരഞ്ഞെടുക്ക" എന്നായിരുന്നു.

"ഒരു വിശ്വസ്തസ്നേഹിതൻ ഒരു ബലമുള്ള രക്ഷയാകുന്നു. അവനെ കണ്ടെത്തുന്നവൻ ഒരു നിധിയേയാണു കണ്ടെത്തുന്നത്. ഒരു ഭക്തസ്നേഹിതൻ ജീവിതത്തിലേയും നിത്യത്വത്തിലേയും ഔഷധമാണ്. ദൈവഭീതിയുള്ളവർ അവനെ കണ്ടെത്തും" എന്ന് വിശുദ്ധലിഖിതം പ്രസ്താവിക്കുന്നു. (എക്ലെ. ൬– ൧൪, ൧൬) നീ എളുപ്പത്തിൽ ഗ്രഹിച്ചിരിക്കുന്നതുപോലെ ഈ ദിവ്യവചനങ്ങൾ ശുഭമായ ഒരു നിത്യത്വത്തെ സൂചിപ്പിക്കുന്നുണ്ട്. ഇതിനെ പ്രാപിക്കുവാനായി, തൻെറ ഉപദേശത്തിൻെറ വിവേകതകൊണ്ടും ജ്ഞാനംകൊണ്ടും നമ്മുടെ സകല പ്രവൃത്തികളിലും നമ്മെ ആനയിച്ച് പിശാചിൻെറ കണിയിൽനിന്നും ചതിയിൽനിന്നും രക്ഷിപ്പാൻ കഴിയുന്ന ഒരു വിശ്വസ്തസ്നേഹിതൻെറ മേലന്വേഷണത്തിൻകീഴ് നമ്മെതന്നെ ഏല്പിച്ചുകൊടുക്കേണ്ടതത്യാവശ്യമാണ്. അപ്രകാരമുള്ള ഒരു സ്നേഹിതൻ നമ്മുടെ സകല പീഡകളിലും ദുഃഖങ്ങളിലും വീഴ്ചകളിലും നമുക്ക് ജ്ഞാനത്തിൻെറയും ആശ്വാസത്തിൻെറയും ഒരു നിധിയായിരിക്കും. നമ്മുടെ ആത്മിക വ്യാധികളിൽ നമ്മെ സുഖപ്പെടുത്തുന്ന ഒരൌഷധവും ധൈൎയ്യപ്പെടുത്തുന്ന ഒരു മധുരമദ്യവുമായിരിക്കും. അയാൾ നമ്മെ തിന്മയിൽനിന്നു കാത്ത് നന്മയിൽ അഭിവൃദ്ധിപ്പെടുത്തും; നമുക്ക് വല്ല ദീനവും നേരിട്ടാൽ സുഖലബ്ധിക്കായി സഹായിക്കയും അത് മരണാപായകരമാകാതിരിപ്പാൻ സൂക്ഷിക്കയുംചെയ്യും.

എന്നാൽ ഈ സ്നേഹിതനെ ആരു കണ്ടെത്തും? കൎത്താവിനെ ഭയപ്പെടുന്നവനെന്ന് "ജ്ഞാനി" മറുവടി പറയുന്നു. അതായത്, ആദ്ധ്യാത്മികാഭിവൃദ്ധിയെ യഥാൎത്ഥമായി ആഗ്രഹിക്കുന്ന എളിമയുള്ളവർ– അതിനാൽ ഫിലോത്തയാ! ഭക്തിയുടെ പരിശുദ്ധ പന്ഥാവിൽ ഒരുത്തമ മാൎഗ്ഗദൎശിയോടുകൂടി യാത്രചെയ്യേണ്ടതു് നിനക്കാവശ്യമാകയാൽ നിൻെറ ഹൃദയത്തിനൊത്തവണ്ണമുള്ള ഒരാളെ തരുന്നതിനായി ദൈവത്തോട് ഏററം മുട്ടിപ്പായി അപേക്ഷിക്ക. നിൻെറ അപേക്ഷയെ നിരസിക്കുന്നതിനുപകരം ആവശ്യമെങ്കിൽ, താൻ ചെറിയ തോബിയാസിനോടു വൎത്തിച്ചപ്രകാരം ആകാശത്തിൽനിന്നും നിനക്കു ഒരു ദൈവദൂതനെ അയക്കുമെന്ന് നീ ഉറപ്പായി വിശ്വസിക്കുക.

നീ മേല്പറഞ്ഞപ്രകാരമുള്ള ഒരു മാൎഗ്ഗദൎശിയെ കണ്ടെത്തുമ്പോൾ അയാളെ എപ്പോഴും ഒരു ദൈവദൂതനായി കരുതണം. അയാൾ കേവലം മനുഷ്യനെന്ന് നീ വിചാരിക്കരുത്. അയാളുടെ മനുഷ്യജ്ഞാനത്തിൽ നീ വിശ്വാസംവെയ്ക്കാതെ ദൈവത്തിൽ വിശ്വസിക്ക. അയാൾ ദൈവത്തിൻെറ സ്ഥാനപതിയാണ്. നിൻെറ ഭാഗ്യത്തിനാവശ്യമായതുകളെ അയാളുടെ നാവിലും ഹൃദയത്തിലും തോന്നിച്ച് അയാൾ വഴിയായി ദൈവമാണ് നിന്നോടു സംസാരിക്കുന്നത്. ആകയാൽ നിന്നെസ്വൎഗ്ഗത്തിലേക്കു കൂട്ടിക്കൊണ്ടുപോകുവാനായി ആകാശത്തിൽ നിന്നിറങ്ങിവരുന്ന ദൈവദൂതനെപ്പോലെ അയാൾക്കു അത്ര ഉപചാരം കാട്ടണം. വ്യാജമൊ നാട്യമൊ കൂടാതെ നിൻെറ മനസ്സാക്ഷിസ്ഥിതിയെ സ്പഷ്ടമായും വിശ്വാസമായും തനിക്കു വെളിപ്പെടുത്തി, പൂൎണ്ണ നിഷ്കാപട്യത്തോടും വിശ്വാസ്യതയോടുംകൂടി നിൻെറ ഹൃദയത്തെ അയാളെ തുറന്നു കാണിക്കുക. ഇങ്ങനെ ചെയ്താൽ നിൻെറ

സൽപ്രവൃത്തികളെ അയാൾ പരിശോധിച്ചംഗീകരിക്കയും ദുഷ്പ്രവൃത്തികളെ തിരുത്തി പരിഹരിക്കയും ദുഃഖങ്ങളിൽ നിന്നെ ആശ്വസിപ്പിക്കയും ധൈര്യപ്പെടുത്തുകയും സുഖത്തിൽ ക്രമാനുസാരം ശരിയായി സൂക്ഷിക്കയും ചെയ്യും. അയാളിൽ ഒരു വലിയ വിശ്വാസംവെക്കുക. എന്നാൽ ബഹുമാനം വിശ്വാസത്തേയും വിശ്വാസം ബഹുമാനത്തേയും കുറക്കാതിരിപ്പാൻ തക്കവോലെ ബഹുമാനത്തോട്ട വിശ്വാസത്തെ യോജിപ്പിക്ക. പിതാവിൻെറനേരെ കാണിക്കുന്ന ഒരു പുത്രീബഹുമാനത്തോടെ അയാളിലഭയംപ്രാപിക്കയും മാതാവിൻ നേരെയുള്ള പുത്രവിശ്വാസത്തോടെ അയാളെ ബഹുമാനിക്കയും ചെയ്യണം. ചുരുക്കിപ്പറഞ്ഞാൽ അയാളോടുള്ള നിൻെറ സ്നേഹം സ്ഥിരവും മധുരവും പരമാൎത്ഥവും പാവനവും കേവലം ആത്മികവും ദൈവികവുമായിരിക്കണം. ഇതിനാൽ "ആയിരമാളുകളിൽ ഒരാളെ തെരിഞ്ഞെടുക്ക" എന്നാണ് അവീലാ പറയുന്നത്. എന്തുകൊണ്ടെന്നാൽ ഈ ഉദ്യോഗനിൎവ്വഹണത്തിനു ശേഷിയുള്ളവർ വിചാരിക്കാവുന്നതിനേക്കാൾ വളരെ ചുരുക്കമാണ്. അയാൾ സ്നേഹവും പഠനവും വിവേകവുമുള്ള ഒരാളായിരിക്കണം. ഈ മൂന്നു യോഗ്യതകളിൽ ഏതെങ്കിലും ഒന്ന് അയാളിൽ ഇല്ലെങ്കിൽ ഉപദ്രവകരമാണ്. വീണ്ടും നിന്നോട്ട ഞാൻ പറയുന്നു, "അയാളെ തരാനായി ദൈവത്തോടപേക്ഷിക്ക; കിട്ടിക്കഴിഞ്ഞാൽ ദൈവത്തെ വാഴ്ത്തുക. സ്ഥിരമായിരുന്ന് വേറൊരാളേയും അന്വേഷിക്കാതെ യാഥാൎത്ഥ്യത്തോടും എളിമയോടും വിശ്വസ്തതയോടും നിൻെറ യാത്രയുടെ ശുഭാന്ത്യത്തെ പ്രാപിക്കുന്നതുവരെ അയാളോടു അനുവൎത്തിച്ചുകൊണ്ടിരിക്കുക.

(തുടരും)

---

വിലിപ്പയിൻ ദ്വീപങ്ങളുടെ ദല ഗാദ് അപ്പസ്തോലിക്കായായ മൊൺസിഞ്ഞോർ പെട്രേല്ലി അവർകളെ, ചൈനായിൽ വൎത്തിക്കാൻ പ്രതിനിധിയായി നിയമിച്ചിരിക്കുന്നതായി, റോമായിൽ നിന്നു ഈ ജൂലായി ൨൭-നു- അയച്ച ഒരു കമ്പിയിൽ കാണുന്നു.



## തിരുഹൃദയഭക്തന്മാർ

൧൧൦൨ ചിങ്ങമാസത്തിൽ വെക്കേണ്ട

## പൊതുനിയോഗം.

ജപ്പാൻകാരുടെ മാനസാന്തരം.

ഉദ്ദേശം ആറുകോടി ജനങ്ങളാൽ അധിവസിതമായ ജപ്പാൻരാജ്യത്തുള്ള കത്തോലിക്കരുടെ സംഖ്യ ഒരു ലക്ഷത്തിൽ പ്പരംമാത്രമാകുന്നു. അവിടുത്തെ മതപീഡനത്തെപ്പററി അല്പമെങ്കിലും അറിവുള്ളവൎക്ക ഇതിൽ ഒട്ടും വിസ്മയം തോന്നാനിടയില്ല. "സൂൎയ്യോഷ്ണം ഭൂമിയിൽ തട്ടുന്നകാലത്തോളം, യാതൊരു ക്രിസ്ത്യാനിയും ജപ്പാനിൽ പ്രവേശിപ്പാൻ തുനിഞ്ഞു പോകരുത്. ഇതെല്ലാവരും അറിഞ്ഞിരിക്കട്ടെ. സ്പെയിനിലെ രാജാവൊ, ക്രിസ്ത്യാനികളുടെ ദൈവമോ, മഹാനായ ഷാക്കാ (ബുദ്ധൻ) തന്നെയൊ ആയാലും ഈ കല്പനലംഘിച്ചാൽ തലവെട്ടിക്കളയുന്നതാണ്." ഇത്ര ക്രൂരതരമായ ഒരു വിളംബരം പ്രസിദ്ധീകരിച്ചിരുന്ന ജപ്പാനിൽ എങ്ങിനെ ക്രിസ്തുമതപ്രചാരമുണ്ടാകും? ജാപ്പാനിൽ വേദപ്രസംഗം ചെയ്ത മിഷ്യനരിമാരിൽ ഒന്നാമൻ വി. ഫ്രാൻസിസ്സോസ് ശവരിയാരാകുന്നു. ൧൫൪൯൯ ചിങ്ങം ൧൫നു- യാണ് അദ്ദേഹം അവിടെ ഇറങ്ങിയത്. ൧൫൫൧-ൽ അവിടം വിട്ടുപോയി. ഈ സ്വല്പകാലംകൊണ്ടു മൂവായിരം പേരെ മ്ശിഹായുടെ തൊഴുത്തിൽ ചേൎക്കുകയുണ്ടായി. ൩൦ വൎഷം കഴിഞ്ഞപ്പോൾ കത്തോലിക്കരുടെ സംഖ്യ മൂന്നുലക്ഷമായി വൎദ്ധിച്ചു. ഇതിൻെറ ശേഷമാണ്

അവിടെ ഉഗ്രമായ മതപീഡയുണ്ടായതു്. ൧൬൧൪-ൽ ഇതു ആരംഭിച്ചു. തിരുസഭയുടെ ആദിമകാലങ്ങളിൽ കുപ്രസിദ്ധനായ നേറോൻ ചക്രവത്തി നടത്തിയ ക്രൂരതരമായ പീഡകളേപ്പോലും ഇതു അധഃകരിക്കുന്നതായിരുന്നു എന്നു ചുരുക്കത്തിൽപറയാം. മുപ്പത്തേഴായിരം ക്രിസ്ത്യാനികളെ, ഒരു കോട്ടയിൽ അടച്ചു ഒന്നൊഴിയാതെ സംഹരിച്ചു. ഇങ്ങനെ രണ്ടുനൂററാണ്ടുകളോളം നടക്കുകയും വൈദികർ ഇല്ലാതാവുകയും ചെയ്തെങ്കിലും ക്രിസ്തുമതം അവിടെ നാമാവശേഷമായിപ്പോയില്ല. പിന്നീടു ൧൮൫൮-ൽ ജപ്പാനും പ്രഞ്ചുഗവൺമെന്റും തമ്മിൽ ഉണ്ടായ ഉടമ്പടിക്കുശേഷമെ മിഷ്യനറിമാൎക്കു് അവിടെ പ്രവേശനമുണ്ടായുള്ളു. ഇവർ ചെല്ലുമ്പോൾ പൂൎവ്വക്രിസ്ത്യാനികളുടെ പിൻഗാമികളായി അൻപതിനായിരം കത്തോലിക്കരോളം അവിടെയുണ്ടായിരുന്നു. വീണ്ടും ഒരു മതപീഡനംകൂടിയുണ്ടായി. മതത്യാഗം അല്ലെങ്കിൽ നാടുകടത്തൽ അല്ലാതെ മററു യാതൊരു ഞെരുക്കവും ഈ തവണയുണ്ടായില്ല. ൧൮൮൯-ൽ പ്രസിദ്ധപ്പെടുത്തിയ ഒരു വിളംബരം മൂലമാണു് എല്ലാവൎക്കും പൂൎണ്ണമായ മതസ്വാതന്ത്ര്യം നൽകിയതു്. അതുമുതൽ കത്തോലിക്കമിഷ്യനറിമാരും കന്യകകളും പലപ്രകാരത്തിൽ വേദപ്രചാരാൎത്ഥം പരിശ്രമിച്ചുവരുന്നു. വിഷബീജങ്ങൾ അടങ്ങിയ ആധുനിക തത്വങ്ങൾ, നിരീശത്വം മുതലായവ, യൂറോപ്പിൽ എന്നപോലെ ജപ്പാനിലും പ്രബലപ്പെട്ടാണു വരുന്നതു്. അതുകൊണ്ടു് അവരുടെ മാനസാന്തരം മുമ്പേത്തെപ്പോലെ സുകരമല്ല. ഇതിനാലാണു ജപ്പാൻകാരുടെ മാനസാന്തരത്തിനായി ഈ മാസത്തിൽ പ്രത്യേകമായി പ്രാൎത്ഥിക്കണമെന്നു മാർപ്പാപ്പാ തിരുമനസ്സുകൊണ്ടു കല്പിച്ചിരിക്കുന്നതു്.

## ലോകവൎത്തമാനച്ചുരുക്കം.

ഹോളണ്ടിലെ മിസ്റ്റർ നോളൻസ് അവിടത്തെ പ്രധാന മന്ത്രിസ്ഥാനം സ്വീകരിച്ചിരിക്കുന്നു. ഇദ്ദേഹം ഒരു കത്തോലിക്കനാണു്.

൧൮ വയസ്സുവരെയുള്ള യാതൊരുത്തൎക്കും മദ്യം വിററുകൂടെന്നു മൈസൂർ ഗവൎമ്മേണ്ടു നിൎബന്ധമായ ഒരു നിയമം പാസാക്കിയിരിക്കുന്നു.

പാരീസ് ഫോറൻ മിഷ്യ (അന്യബോധകസഭ) നിൽ ചേൎന്ന ൧൪൫൦ പട്ടക്കാർ ഇൻഡ്യാ, ബൎമ്മാ, ചൈനാ, പിനാങ്ങു, സിംഗപ്പൂർ മുതലായ സ്ഥലങ്ങളിൽ വേദപ്രചാരം നടത്തുന്നു. ഇവരെ ൧൦൦൮ സ്വദേശപ്പട്ടക്കാരും ൬൫൦൦ കന്യകകളും ഈ ഉദ്യമത്തിൽ സഹായിക്കുന്നുണ്ടു്.

സിംഗപ്പൂരിൽ ബാററുകേവസ് എന്ന സ്ഥലത്തു ജോലിയായി താമസിക്കുന്ന ദീപികയുടെ ഒരു വരിക്കാരനായ മിസ്റ്റർ ബി. പി. പെരീരാ താഴെ ചേൎക്കുന്ന എഴുത്തോടുകൂടി പതിനഞ്ചു രൂപാ ഇവിടെ അയച്ചുതന്നിരിക്കുന്നു. "ഞാൻ ഈ രാജ്യത്തുവച്ചു ഒരു കല്യാണം നടത്തിയതിൽ ലഹരി പദാൎത്ഥങ്ങൾ ഉപയോഗിക്കാതെയിരുന്നതിനാൽ എനിക്കുണ്ടായ ലാഭത്തിൽ അഞ്ചിലൊരംശമായ പത്തു രൂപായും, ഞാൻ നാലുകാശു വിലയുള്ള മൂന്നു ചുരുട്ടുകൾ വീതം ദിവസേന ഉപയോഗിച്ചുവന്ന പതിവിനെക്കുറച്ചു്, ദിവസംപ്രതി കാലത്തു് ഒന്നുവീതം ഉപയോഗിച്ചതിൽ എനിക്കുണ്ടായ ലാഭത്തിൽനിന്നു ൫ രൂപായും ഇങ്ങനെ വകരണ്ടിൽ ൧൫ രൂപാ ഇതൊന്നിച്ചയക്കുന്നു. ഈ സംഖ്യ വേദപ്രചാരണചെലവിനായി മുത്തോലി, ക. നി. മൂ. സ. മൎസ്ലീനോസച്ചൻ അവൎകൾക്കു് അയച്ചുകൊടുക്കണമെന്നപേക്ഷ."

(ന. ദീപിക.)

ഇദ്ദേഹത്തെപ്പോലുള്ള മഹാശയന്മാർ കേരളകത്തോലിക്കരുടെ ഇടയിൽ ഉണ്ടായിരുന്നു എങ്കിൽ ഇവിടെ വേദപ്രചാരത്തിൽ ഉദ്യമപ്പെട്ടിരിക്കുന്ന വൈദികർ ആ ജോലിയെ എത്ര ഊൎജ്ജിതമായി നടത്തുമായിരുന്നു.

പുളിംകുന്നിടവക തോട്ടുകടവിൽ ഔസേപ്പു മാത്തു അവർകൾ ഇക്കഴിഞ്ഞ ജൂൺ ൨൭-നു പരലോകപ്രാപ്തനായിരിക്കുന്നു. ഇയ്യാളുടെ നിത്യാശ്വാസത്തിനായി വിശ്വാസികൾ പ്രാൎത്ഥിപ്പാറാകണം.

വിശ്വാസപ്രചാരസംഘത്തിന്റെ ൯൯-ാമത്തെ വാൎഷികോത്സവം കഴിഞ്ഞ മെയി മാസത്തിൽ പാരീസിൽ കൊണ്ടാടപ്പെട്ടതായി അറിയുന്നു.

പരിശുദ്ധ പിതാവു് താമസിയാതെ വേറൊരു സമാധാനസന്ദേശം യുദ്ധത്തിലേൎപ്പെട്ടിരിക്കുന്ന രാജാക്കന്മാൎക്കു അയക്കുമെന്നു, ഇയ്യിടെ പ്രചരിപ്പിച്ചിരിക്കുന്ന വൎത്തമാനങ്ങളിൽ യാതൊരു വാസ്തവവുമില്ലെന്നു ഇററലിയിലെ കത്തോലിക്കാ പത്രങ്ങൾ പറയുന്നു. ഈ വൎത്തമാനം ജൎമ്മനിയിൽനിന്നും സ്വിററ്സർലണ്ടിൽനിന്നുമുണ്ടാക്കി പരത്തിയതാണെന്നു വിശ്വസിക്കപ്പെടുന്നു.

ഓസ്ത്രിയാ ചക്രവൎത്തിയുടെ മാതാവായ ഡച്ചസ് മരിയ അന്തോനിയായേയും ആ ചക്രവൎത്തിനിയുടെ കുമ്പസാരക്കാരനായ ഒരു ഫ്രഞ്ചു വൈദികനേയും, ഓസ്ത്രിയായിൽനിന്നും നാടുകടത്തിയതായി അറിയുന്നു. ഇവർ രണ്ടുപേരും ഫ്രഞ്ചുകാരോടു അനുകമ്പയുള്ളവരാണെന്നു തെളിഞ്ഞതിനാലാണു നാടുകടത്തുവാൻ ഇടയായതു്.

ലോകത്തിലുള്ള ഓരോ ജാതിക്കാരുടെ ഈശ്വരഭജന ദിവസങ്ങളുടെ കണക്കു നോക്കിയാൽ ആഴ്ചയിലെ ഏഴു ദിവസങ്ങളും ഒഴിവുദിവസങ്ങൾ തന്നെയാണെന്നു് കാണാം. ക്രിസ്ത്യാനികൾക്കു് ഞായറാഴ്ചയും, ഗ്രീക്കുകാൎക്കു് തിങ്കളാഴ്ചയും, പേൎഷ്യാക്കാൎക്കു് ചൊവ്വാഴ്ചയും, അസറിയാക്കാൎക്കു് ബുധനാഴ്ചയും, ഏജിപ്തുകാൎക്കു് വ്യാഴാഴ്ചയും, മഹമ്മദിയൎക്കു് വെള്ളിയാഴ്ചയും, യൂദന്മാൎക്കു് ശനിയാഴ്ചയും ശാബതദിവസങ്ങളാണു്.

പാദുവായിലെ വി. അന്തോനിയുടെ തിരുശ്ശരീരം പാദുവാപ്പട്ടണത്തിൽനിന്നു വത്തിക്കാനിലേക്കു മാററിയിരിക്കുന്നു. വിമാനശല്യം ഭയപ്പെട്ടാണു ഇങ്ങനെ ചെയ്തതു്. വത്തിക്കാൻ അരമനയിൽ ഈ വിശുദ്ധ ശരീരം എത്തിയതിന്റെ ശേഷമെ, ജനങ്ങൾക്കു ഇതേപ്പററി അറിവു കിട്ടിയുള്ളു. അത്ര രഹസ്യത്തിലാണു ഇതു നടത്തിയതു്. ഏതാനും ആഴ്ചകൾക്കു മുമ്പു് വി. അന്തോനിയുടെ ദേവാലയത്തിനു ബോംബുവീണു് അല്പം കേടുപററുകയുണ്ടായി.

ഇൻഡ്യയിൽ ഇപ്പോൾ ജീവിച്ചിരിക്കുന്ന മഹാകവികളിൽവച്ചു അഗ്രഗണ്യനായ രബീന്ദ്രനാഥടാഗോറിന്നു യൂറോപ്പിലെ ഒരു വിദ്വത്സമാജം നോബൽ സമ്മാനമായി കുറെനാൾമുമ്പു വലിയ ഒരു തുക അയച്ചുകൊടുത്തു എന്നു വായനക്കാർ കേട്ടിരിക്കുമെല്ലാ. നോബൽ സമ്മാനത്തിന്റെ ഉത്ഭവത്തെക്കുറിച്ചും ഉദ്ദേശ്യത്തെക്കുറിച്ചും അധികമാരും അറിഞ്ഞിട്ടുണ്ടായിരിക്കുമെന്നു തോന്നുന്നില്ല. നോബൽ സ്വീഡൻകാരനായ ഒരു രസതന്ത്രവിദ്വാനായിരുന്നു. അദ്ദേഹം ൧൮൯൬-ൽ മരിക്കുന്നതിനു മുമ്പായി, മനുഷ്യജാതിക്കു ഏതെങ്കിലും പ്രയോജനകരമായ എന്തെങ്കിലും കാൎയ്യങ്ങൾ ചെയ്യുന്നവൎക്കു ആണ്ടുതോറും സമ്മാനങ്ങൾ കൊടുക്കാൻവേണ്ടി ഉദ്ദേശം ൨൦ ലക്ഷം പവൻ നീക്കിവച്ചു. ഇതിൽനിന്നു ൮൦൦൦ പവൻ വില വരുന്ന അഞ്ചു സമ്മാനങ്ങൾ ആണ്ടുതോറും കൊടുക്കപ്പെടുന്നുണ്ടു്. പ്രകൃതിശാസ്ത്രം, രസതന്ത്രം, വൈദ്യശാസ്ത്രം എന്നിവയെക്കുറിച്ചു് എന്തെങ്കിലും നൂതനമായി കണ്ടുപിടിക്കുന്നവൎക്കു മൂന്നു സമ്മാനങ്ങളും, സൽസ്വഭാവരൂപീകരണത്തെ സഹായിക്കുന്ന വിശിഷ്ടമായ സാഹിത്യകൃതിക്കും ലോകസമാധാനത്തെ നിലനിറുത്തി പരിരക്ഷിക്കുന്നതിനുള്ള വഴികൾ കണ്ടുപിടിക്കുന്ന ആൾക്കും രണ്ടു സമ്മാനങ്ങൾ വീതവുമാണു് നോബൽ പ്രൈസ് കമ്മററിക്കാർ നിശ്ചയിച്ചിട്ടുള്ളതു്. ഈയ്യാണ്ടിൽ ഇതിലൊരു സമ്മാനം മാൎപ്പാപ്പാതിരുമനസ്സിലേക്കു നൽകേണ്ടതാണെന്നു കമ്മററിക്കാരിൽ ചിലൎക്കു അഭിപ്രായമുള്ളതായി കാണുന്നു.

റഷ്യൻ ശീസ്മയിൽനിന്നു കത്തോലിക്കാ സഭയിലേക്കുള്ള ഒഴുക്കു ഇപ്പോഴാണു് അതികലശലായി തീൎന്നിരിക്കുന്നതു്. റഷ്യാ ഗവൎമ്മേണ്ടിന്റെ ക്രൂരതരങ്ങളായ മതപീഡനത്തെ ഭയപ്പെട്ടു് ഇതുവരെ ശീസ്മയിൽ നിന്നിരുന്ന ജനങ്ങൾ ഇപ്പോൾ കൂട്ടംകൂട്ടമായി ചേൎന്നുവരുന്നതുകൊണ്ടു് വത്തിക്കാനിലെ ഭരണാധികാരികൾ ആ നാട്ടിലേക്കു പ്രത്യേകം ശ്രദ്ധ പതിക്കേണ്ടതായി വന്നിരിക്കുന്നു. ഓരോ ഗ്രാമക്കാർ ഒന്നിച്ചും അവരുടെ പട്ടക്കാരോടുകൂടിയുമാണു മാനസാന്തരപ്പെടുന്നതു്.

# മാസികാ വരിപ്പണം അടച്ചവരുടെ
## പേരുവിവരം.

---

### ഒരു രൂപാവീതം.

മ. രാ. രാ. അവർകൾ.

പീച്ചാട്ടു കുര്യൻ ദേവസ്സി, കുന്നുകൽ ചാക്കോ വർക്കി, പാറക്കടവിൽ ചാണ്ടി, ബ. മണ്ണനാൽ തൊമ്മാച്ചൻ, Leo V. Gomez, പൈങ്കമ്പള്ളിച്ചിറ വർക്കി വറിയത്, പി. സി. ഫ്രാൻസീസ് ചാത്തൻകരി, പുന്നശ്ശേരി ബ്രദേഴ്സ്.

### പലവക

പുത്തൻപുരക്കൽ ശൌര്യാർ മിത്രക്കരി ൨ രൂപാ., തെള്ളിപ്പറമ്പിൽ ഔസേപ്പ് വടകര ൨ രൂ., ചക്കാലയിൽ മത്തായി ഔസേപ്പ് അതിരമ്പുഴ ൨ രൂ., ചാരങ്കാട്ടു ഫെലീസ് ജോസഫ് ൨ രൂ., കെ. എൻ. റോസായി ൨ രൂ., തയ്യിൽ വസ്ത്യോൻ അഗസ്തീത്തു് ൨ രൂ., ചാക്കോ വറുഗീസ് പിള്ള ആലപ്പുഴ ൨ രൂ., കരിവേലിത്തറ ചാണ്ടപ്പിള്ള ഇട്ടിയവിര ൨ രൂ., മാളിയേക്കൽ വറുഗീസ് മാത്തു ൨ രൂ., കണിയാമ്പറമ്പിൽ വർക്കി തൊമ്മൻ ൨ രൂ. കണിച്ചുകാട്ടു തൊമ്മൻ ഔസേപ്പ് ൨ രൂ., കള്ളത്തിൽ താമസിക്കും കെ. ബി. ദൊമ്മിക് ൨ രൂ., കാവിക്കൽ എന്നു വിളിച്ചുവരുന്ന ചക്കിരിയാന്തടത്തിൽ യൌസേപ്പ് കുര്യൻ ൩ രൂ., കരുവന്താളിൽ യോഹന്നാൻ മത്തായി ൨ രൂ., വേലമ്പറമ്പിൽ ശൌര്യാർ മിത്രക്കരി ൨ രൂ., മിസ്സ് സി. എ. എലിസബെത്ത് ൨ രൂ., എ. പെ. ബ. കണ്ടങ്കരിയിൽ കുര്യാക്കോസച്ചൻ ഡൊമെസ്റ്റിക്ക പ്രിലേററ് ൨ രൂ., ബ. ചിറയിൽ യോഹന്നാനച്ചൻ ൧ രൂ. ൧൪ ച. ൪ കാ., മുട്ടാറുകുളങ്ങര ഔസേപ്പ് ഔസേപ്പ് ൪ രൂ., ചിറക്കുലകത്തു ചാക്കോ ൧ രൂ. ൧൪ ച. ൪ കാ., മാളിയേക്കൽ പൈലോ ഔസേപ്പുണ്ണി ൨ രൂ., ബ. പഴൂപ്പള്ളി മത്തായി അച്ചൻ ൨ രൂ. കെ. എക്സ്. ജോസഫ് ഓച്ചന്തുരുത്തു ൩ രൂ. ബ. കണ്ടങ്കരിയിൽ സ്കറിയാച്ചൻ ൧ രൂ. ൨൦ ച. ൮ കാ. B. P. Pereira Batu village Batu caves ൧ രൂ. ൭ ച. ൨ കാ. പൂളിക്കുന്നു തിരുഹൃദയ കന്യകാമഠത്തിന്റെ ബ. ശ്രേഷ്ഠത്തിയമ്മ ൨ രൂ. പുന്നക്കാലായിൽ കുര്യൻ മത്തായി ൧൪ ച. ൪ കാ.

REGISTERED No. M. 385

# പഞ്ചാംഗം.

## ൧൯൧൮ സെപ്റ്റംബർ.

| മാസം. | തിയതി. | മാസം. | തിയതി. | ആഴ്ച. | വിശേഷ ദിവസങ്ങൾ. | |
|---|---|---|---|---|---|---|
| സെപ്റ്റംബർ. | 1 | ചിങ്ങം. | [illegible] | | ✠ പന്തക്കു. ൧൩-ാം ന. ക. ആ. | പ. |
| | 2 | | [illegible] | | † മെ. എസ്സു. രാജാ. ന. ആ. ക. പെ. | വെ. |
| | 3 | | [illegible] | | ൭ൗ. എലീശോസ്. ന. ആ. ക. പെ. (൦രം ൧) | വെ. |
| | 4 | | ൧൯ | ബു | ഫെലീക്സ് ന. ആ. ക. നെ. (ചിങ്ങം ൩൦) | ച്യു. |
| | 5 | | ൨൦ | വ്യാ | † മെ. ലൌരെന്തി. ന. ആ. ക. പെ. | വെ. |
| | 6 | | ൨൧ | വെ | † മെ. പിലിപ്പോസ് ബെനി. ന. ആ. ക. പെ. (ചി. ൨൮) | വെ. |
| | 7 | | ൨൨ | ശ | † മെ. കല്ലത്തൻ ന. ആ. ക. പെ. (ചി. ൧.) | വെ. |
| | 8 | | ൨൩ | ഞാ | ✠ പ. കന്യാം ക. മാ. പിറ. ന. ക. പെ. | വെ. |
| | 9 | | ൨൪ | തി | വേ. ഗൊർഗൊ. ന. ആ. ക. പെ. (ചി. ൨൧) | ച്യു. |
| | 10 | | ൨൫ | ചൊ | മെ. നിക്കൊ ത്തൂലെ. ന. ആ. ക. പെ. | വെ. |
| | 11 | | ൨൬ | ബു | വേ. പ്രോതോ. ക്രു. ന. ആ. ക. പെ. | ച്യു. |
| | 12 | | ൨൭ | വ്യാ | മാതാ. പിറ. എ. ന. ആ. ക. പെ. | വെ. |
| | 13 | | ൨൮ | വെ | † ക. മാ. തി. നാമം ന. ആ. ക. പെ. | വെ. |
| | 14 | | ൨൯ | ശ | (✠) ശു. കുരിശു പുകഴ്ച ന. ക. പെ. | ച്യു. |
| | 15 | | ൩൦ | ഞാ | ✠ പന്തക്കു. ൧൫-ാം ന. ക. ആ. | പ. |
| | 16 | | ൩൧ | തി | വേ. കൊർണ്ണേലി. ന. ആ. ക. പെ. | ച്യു. |
| | 17 | കന്നി. | ൧ | ചൊ | † മെ. അഞ്ചുകായം പ്രാൻസി. ന. ആ. ക. പെ. | വെ. |
| | 18 | | ൨ | ബു | † മെ. യൌ. കെപ്പെർ ന. ആ. ക. പെ. (പട്ടം ഇ. വി.) | വെ. |
| | 19 | | ൩ | വ്യാ | വേ. ജനേവാരി. ന. ആ. ക. പെ. | ച്യു. |
| | 20 | | ൪ | വെ | മത്തായി ശ്ലീ. തു. നാ. ന. ആ. ക. ത. (പട്ടം) | റോ. |
| | 21 | | ൫ | ശ | (✠) മത്തായി ശ്ലീ. ന. ക. പെ. പട്ടം | ച്യു. |
| | 22 | | ൬ | ഞാ | ✠ പന്ത. ൧൬-ാം ന. ക. ആ. ക. മാ. വ്യാ. | പ. |
| | 23 | | ൭ | തി | വേ. പാ. ലീനോസ്. ന. ആ. ക. പെ. | ച്യു. |
| | 24 | | ൮ | ചൊ | † മനഗുണ മാതാ ന. ആ. ക. പെ. | വെ. |
| | 25 | | ൯ | ബു | വേ. മെന്ത്ശീ. ന. ആ. ക. പെ. (ഇ. ൨൨) | ച്യു. |
| | 26 | | ൧൦ | വ്യാ | വേ. കൊപ്രി. ന. ആ. ക. പെ. | ച്യു. |
| | 27 | | ൧൧ | വെ | വേ. കസുമേ. ദമിയാ. ന. ആ. ക. പെ. | ച്യു. |
| | 28 | | ൧൨ | ശ | † വേ. രാജ. വെൻസ്ലാ. ന. ആ. ക. പെ. | ച്യു. |
| | 29 | | ൧൩ | ഞാ | ✠ പന്തക്കു. ൧൭-ാം ന. ക. ആ. | പ. |
| | 30 | | ൧൪ | തി | പട്ട. മല്പാ. ഇറൊനീ. ന. ക. പെ. | വെ. |

✠ ഈ അടയാളം എല്ലാവർക്കും കടമുള്ള ദിവസം. (✠) കടം നീക്കപ്പെട്ട ദിവസം. (ഇ. വി.) ഇറച്ചിവിലക്കുള്ള ദിവസം. † പുതുതായി ചേർക്കപ്പെട്ട തിരുനാളുകൾ.

Printed and Published for the Proprietor, by A. P. Mani at
St. Joseph's Press, Mannanam, 1918.